സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമ്മത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 മാർച്ച് 24 വെള്ളി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ




# രാഹുൽ ഗാന്ധിയെ അയോഗ്യനാക്കി

## തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ആറ് വർഷത്തേക്ക് വിലക്ക്

ന്യൂഡൽഹി: കോൺഗ്രസ് നേതാവും വയനാട് എം.പിയുമായ രാഹുൽ ഗാന്ധിയെ അയോഗ്യനാക്കി ലോക്സഭാ സെക്രട്ടേറിയേറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. മാനനഷ്ടക്കേസിൽ സൂറത്ത് ചീഫ് മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് കോടതി കുറ്റക്കാരനെന്ന് കണ്ടെത്തുകയും രണ്ട് വർഷത്തേക്ക് ശിക്ഷ വിധിച്ചതോടെ അയോഗ്യതയുടെ പ്രശ്നവും ഉയർന്നിരുന്നു. ഇതോടെ തെരഞ്ഞെടുപ്പിൽ നിന്ന് മത്സരിക്കുന്നതിന് രാഹുലിന് ആറു വർഷത്തെ വിലക്കുണ്ടാകും. അപ്പീൽ നൽകാനായി ശിക്ഷ 30 ദിവസത്തേയ്ക്ക് മരവിപ്പിച്ച സൂറത്ത് കോടതി ജാമ്യം അനുവദിച്ചിരുന്നു. എന്നാൽ മേൽക്കോടതിയുടെ ഇടപെടലിനു മുമ്പാണ് ലോക്സഭാ സെക്രട്ടേറിയറ്റിന്റെ നടപടി ഉണ്ടായത്. ഭരണഘടനയുടെ 101 (1) വകുപ്പ് പ്രകാരവും ജനപ്രാതിനിധ്യ നിയമത്തിന്റെ എട്ടാം വകുപ്പ് പ്രകാരവുമാണ് നടപടി. ലോക്സഭാ സെക്രട്ടറി ജനറൽ ഉത്പാൽ കുമാർ സിങാണ് ഇത് സംബന്ധിച്ച് ഉത്തരവിറക്കിയത്. ഗുജറാത്തിലെ വിചാരണ കോടതി വിധിയിലേക്ക് കാര്യങ്ങൾ എത്തിച്ചതിൽ കേന്ദ്രത്തിന്റെ വേട്ടയാടൽ ആരോപിക്കുകയാണ് കോൺഗ്രസ്. കേസ് നടത്തിപ്പിൽ പാളിച്ചയുണ്ടായെന്ന വിലയിരുത്തൽ പാർട്ടിയിലുണ്ട്. കേന്ദ്ര നീക്കം പ്രതിപക്ഷത്തെ പ്രധാന മുഖമായി രാഹുലിനെ മാറ്റുന്നുണ്ട്. രാഹുലിന്റെ പാർലമെന്റ് അംഗത്വം നഷ്ടമാകുന്നത് കോൺഗ്രസിന് തിരിച്ചടിയാണ്. നിയമവഴിയിലൂടെ ഇപ്പോഴത്തെ പ്രതിസന്ധിയെ ചെറുക്കാൻ മനു അഭിഷേക് സിംഗ്വി, പി ചിദംബരം, വിവേക് തൻഖ, സൽമാൻ ഖുർഷിദ് തുടങ്ങിയവരെ ഉൾപ്പെടുത്തിയുള്ള അഭിഭാഷക സംഘത്തെ രംഗത്തിറക്കാനാണ് കോൺഗ്രസിന്റെ തീരുമാനം. സൂറത്തിലെ സെഷൻസ് കോടതിയിലായിരിക്കും ആദ്യം അപ്പീൽ നൽകുക. സി.ജെ.എം കോടതി ഉത്തരവിലും നടപടികളിലും പിഴവുണ്ടായി എന്ന് ചൂണ്ടിക്കാട്ടി അപ്പീൽ നൽകാനാണ് തീരുമാനം.കുറ്റക്കാരൻ എന്ന വിധി സെഷൻസ് കോടതിയും സ്റ്റേ ചെയ്തില്ലെങ്കിൽ രാഹുലിന്റെ അയോഗ്യത തുടരുകയും വയനാട്ടിൽ വീണ്ടും തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും ചെയ്യും. അതിനാൽ സെഷൻസ് കോടതി അപേക്ഷ അംഗീകരിച്ചില്ലെങ്കിൽ നേരിട്ട് സുപ്രീംകോടതിയിലെത്താനും കോൺഗ്രസ് ആലോചിക്കുന്നുണ്ട്. അന്വേഷണ ഏജൻസികളെ സർക്കാർ ദുരുപയോഗം ചെയ്ത് നേതാക്കളെ പീഡിപ്പിക്കുന്നുവെന്ന് പരാതിപ്പെട്ട് കോൺഗ്രസ് ഉൾപ്പടെ 14 പാർട്ടികൾ ഇന്ന് സുപ്രീംകോടതിയിൽ ഹർജി നൽകിയതും ഇപ്പോഴത്തെ രാജ്യത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ പരിഗണിച്ചാണ്. അടുത്തമാസം അഞ്ചിന് ഈ ഹർജി ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഡിവിഷൻ ബെഞ്ച് പരിഗണിക്കും. എന്നാൽ കോടതി കുറ്റക്കാരനെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ സമാന നീക്കംകൊണ്ട് ഇപ്പോൾ കാര്യമില്ലെന്നാണ് കോൺഗ്രസ് വിലയിരുത്തൽ.

## രാഹുലിന്റെ വായടപ്പിക്കാൻ കേസുകളിലൂടെ വല വിരിച്ച് ബി.ജെ.പി





ന്യൂഡൽഹി: രാഹുലിനെതിരായ ബി.ജെ.പി നീക്കങ്ങൾ അയോഗ്യതയിൽ മാത്രം ഒതുങ്ങുന്നതല്ലെന്ന് സൂചനകൾ. അപകീർത്തി കേസിൽ സൂറത്ത് കോടതി വിധിക്ക് പിന്നാലെ രാഹുൽ ഗാന്ധിയുടെ വായടപ്പിക്കാൻ വിവിധ സംഭവങ്ങളിലായി രാജ്യത്താകെ 16 കേസുകളാണ് രാഹുലിനെതിരേ ഉള്ളത്. കേസുകളിൽ മുന്നിലുള്ളത് നാഷണൽ ഹെറാൾഡുമായി ബന്ധപ്പെട്ടതാണ്. ബി.ജെ.പി നേതാവ് സുബ്രമണ്യൻ സ്വാമി നൽകിയ പരാതിയിലാണ് കേസിൽ എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റ് അന്വേഷണം നടക്കുന്നത്. നാഷണൽ ഹെറാൾഡ് പത്രത്തിന്റെ ഉടമകളായ അസോസിയേറ്റഡ് ജേർണൽസ് ലിമിറ്റഡിനെ പുതിയതായി രൂപീകരിച്ച യങ് ഇന്ത്യ കമ്പനി ഏറ്റെടുത്തതിൽ അഴിമതിയും വഞ്ചനയുമുണ്ടെന്ന് സുബ്രമണ്യൻസ്വാമി ആരോപണം ഉയർത്തി. 2012 നവംബറിലാണ് ഇതു സംബന്ധിച്ച പരാതിയുമായി അദ്ദേഹം രംഗത്തെത്തിയത്.മോദി എന്ന പേര് പരാമർശത്തിൽ സൂറത്തിനു പുറമേ പട്നയിലും ബിഹാറിലും റാഞ്ചിയിലും രാഹുലിനെതിരെ കേസുകളുണ്ട്. 2018ൽ അമിത് ഷായെ കൊലപാതകി എന്നു വിശേഷിപ്പിച്ചതിൽ റാഞ്ചിയിലും ചായിബാസയിലും രണ്ടു കേസുകളുണ്ട്. കൊലപാതകത്തിൽ ആരോപണവിധേയനായ ആളെ ബി.ജെ.പി അധ്യക്ഷനായി സ്വീകരിക്കും എന്നു പറഞ്ഞതിന് റാഞ്ചിയിൽ തന്നെ മറ്റൊരു കേസുമുണ്ട്. രാഹുലിനെ ശ്രീരാമനായി ചിത്രീകരിച്ച് പോസ്റ്റർ പ്രത്യക്ഷപ്പെട്ടത്, മോദിയെ കള്ളൻ എന്നു വിളിച്ചത്, 1984 കലാപത്തെക്കുറിച്ചുള്ള പരാമർശം എന്നിവയിലുള്ള കേസുകളും രാഹുലിനെതിരേ നിലവിലുണ്ട്.ആർ.എസ്.എസിനെതിരേ നടത്തിയ പരാമർശങ്ങളുടെ പേരിൽ മഹാരാഷ്ട്രയിലും അസമിലുമായി മൂന്ന് കേസുകൾ രാഹുലിനെതിരേ ഉണ്ട്. 2014-ൽ മഹാരാഷ്ട്രയിലെ താനെയിൽ തെരഞ്ഞെടുപ്പ് പ്രചാരണ റാലിക്കിടെയാണ് കേസിനാസ്പദമായ ഒരു പരാമർശം ഉണ്ടായത്. മഹാത്മാഗാന്ധിയുടെ കൊലപാതകത്തിന് പിന്നിൽ ആർ.എസ്.എസ് ആണെന്നാണ് രാഹുൽ പറഞ്ഞത്. 'ആർ.എസ്.എസുകാർ ഗാന്ധിജിയെ കൊലപ്പെടുത്തി. എന്നിട്ടിപ്പോൾ അദ്ദേഹത്തെക്കുറിച്ച് പറയുന്നു. ആർ.എസ്.എസുകാർ സർദാർ പട്ടേലിനെയും ഗാന്ധിജിയെയും എതിർത്തവരാണ്' രാഹുൽ അഭിപ്രായപ്പെട്ടു. ഇതിനെതിരെ ആർ.എസ്.എസ് പ്രവർത്തകർ നൽകിയ കേസിൽ വിചാരണ നടക്കാനിരിക്കുകയാണ്. 2016ലാണ് രാഹുലിനെതിരെ അസമിൽ ആർ.എസ്.എസു.കാർ ക്രിമിനൽ മാനനഷ്ടക്കേസ് ഫയൽ ചെയ്തത്. വൈഷ്ണവ മഠമായ ബാർപേട്ട സത്രത്തിൽ പ്രവേശിക്കാൻ ആർ.എസ്.എസ്സുകാർ തന്നെ അനുവദിച്ചില്ല എന്ന് രാഹുൽ ആരോപിച്ചിരുന്നു. ഇതാണ് കേസിലേക്ക് നയിച്ചത്. അസം കാമരൂപ മെട്രോപൊളിറ്റൻ കോടതി രാഹുലിന് ജാമ്യം അനുവദിച്ചു. കേസിൽ വിചാരണ അന്തിമഘട്ടത്തിലാണ്.

ഗൗരി ലങ്കേഷിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് 2018ൽ ആർ.എസ്.എസിനെതിരേ നടത്തിയ പരാമർശത്തിലും മുംബൈ അഡീഷണൽ മെട്രോപൊളിറ്റൻ കോടതിയിൽ രാഹുലിനെതിരേ കേസുണ്ട്. രണ്ട് കക്ഷികളും ഹാജരാകാത്തതിനാൽ ഈ കേസ് മാറ്റി വെച്ചിരിക്കുകയാണ്. നോട്ടുനിരോധനത്തിന്റെ പശ്ചാത്തലത്തിൽ അഹമ്മദാബാദ് ജില്ലാ സഹകരണ ബാങ്കിനേയും ആഭ്യന്തര മന്ത്രി അമിത്ഷായെയും കുറിച്ച് ട്വീറ്റ് ചെയ്തതിലാണ് മറ്റൊരു കേസ്. നോട്ടുനിരോധനം പ്രഖ്യാപിച്ച് അഞ്ചു ദിവസത്തിനുള്ളിൽ അമിത് ഷാ ഡയറക്ടറായ ബാങ്ക് 745.58 കോടി രൂപയുടെ പഴയ നോട്ടുകൾ മാറി എന്നായിരുന്നു രാഹുൽ ആരോപിച്ചത്. ഈ കേസിൽ വാദം ആരംഭിക്കാനിരിക്കുകയാണ്. 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ അമിത് ഷായെ കൊലപാതകക്കേസിൽ ആരോപണ വിധേയനായ ആൾ എന്നു വിളിച്ചതിൽ അഹമ്മദാബാദ് കോടതിയിൽ എത്തിയ ഹർജിയിലും നടപടി തുടരുകയാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയെ 'കമാൻഡർ ഇൻ തീഫ്' എന്നു വിളിച്ചതിൽ മുംബൈ ഗിർഗാവ് കോടതിയിൽ രാഹുലിനെതിരേ സ്വകാര്യ വ്യക്തി നൽകിയ ഹർജിയും നിലവിലുണ്ട്.

## 'അയോഗ്യനാക്കിയത് നാല് ലക്ഷത്തിലേറെ ഭൂരിപക്ഷത്തിൽ ജനം ജയിപ്പിച്ച നേതാവിനെ'



ന്യൂഡൽഹി: മാനനഷ്ടക്കേസിൽ സൂറത്ത് കോടതി വിധിക്കു പിന്നാലെ രാഹുൽ ഗാന്ധിയെ എം.പി സ്ഥാനത്ത് നിന്നും അയോഗ്യനാക്കിയ നടപടിയെ രൂക്ഷമായ ഭാഷയിൽ വിമർശിച്ച് എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ . രാഹുലിനെ അയോഗ്യനാക്കിയത് മോദി സർക്കാരിന്റെ അജണ്ടയാണെന്ന് കെ.സി വേണുഗോപാൽ പറഞ്ഞു. നാലുലക്ഷത്തിലേറെ ഭൂരിപക്ഷത്തിൽ ജനങ്ങൾ വിജയിപ്പിച്ച ഒരു ജനപ്രതിനിധിയെയാണ് കേവലമൊരു കാരണം പറഞ്ഞ് അയോഗ്യനാക്കിയതെന്നും നിയമപോരാട്ടം തുടരുമെന്നും കെ.സി വേണുഗോപാൽ വ്യക്തമാക്കി. 'രാഹുലിനെ അയോഗ്യനാക്കാനുള്ള നീക്കമായിരുന്നു ബി.ജെ.പി തുടക്കം മുതൽ നടത്തിയിരുന്നത്. അദാനിക്കെതിരേ പ്രസംഗിച്ചത് മുതലാരംഭിച്ചതാണ് ഈ നീക്കം. ലണ്ടൻ പ്രസംഗത്തിൽ മറുപടി നൽകാൻ രാഹുൽ സന്നദ്ധത പ്രകടിപ്പിച്ചെങ്കിലും ലോക്സഭയിൽ സംസാരിക്കാൻ അനുവദിച്ചില്ല. ഇനിയൊരിക്കലും ലോക്സഭയിൽ സംസാരിക്കരുതെന്നതിനാലാണിപ്പോൾ അയോഗ്യനാക്കിയത്. മോദി സർക്കാരിനെതിരേ സംസാരിക്കുന്നവരെയെല്ലാം ഇല്ലായ്മ ചെയ്യാനുള്ള നീക്കത്തിന്റെ ഭാഗമാണ് രാഹുലിനെതിരായ നീക്കമെന്നും വേണുഗോപാൽ അഭിപ്രായപ്പെട്ടു. ഇന്ത്യയിൽ എന്തു ചെയ്താലും ആരും ചോദിക്കില്ലെന്ന സ്ഥിതിയായി'. എല്ലാ കാര്യത്തിലും ചോദ്യമുയർത്തിയതിനാൽ രാഹുലിനെ അയോഗ്യനാക്കി നിശബ്ദമാക്കാനുള്ള ശ്രമമാണുണ്ടായതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാഹുൽ ഗാന്ധിയുടെ ലോക്സഭ അംഗത്വം റദ്ദാക്കിയ നടപടിയെ നിയമപരമായും രാഷ്ട്രീയപരമായും നേരിടുമെന്ന് കോൺഗ്രസ്. കോടതി വിധി വന്ന 24 മണിക്കൂറിനുള്ളിലാണ് രാഹുലിനെ അയോഗ്യനാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചത്. ഇന്ന് രാവിലെയാണ് സൂറത്ത് കോടതിയുടെ ഉത്തരവ് ലോക്സഭാ സെക്രട്ടറിയേറ്റിന് കിട്ടിയത്. അതിൽ സ്പീക്കർ നിയമോപദേശം തേടിയതിന് ശേഷമാണ് രാഹുലിനെ അയോഗ്യനാക്കിയത്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനയും കേരളത്തിലെ തിരഞ്ഞെടുപ്പ് കമ്മീഷനെയും അയോഗ്യനാക്കിയ വിവരം അറിയിച്ചിട്ടുണ്ട്. വളരെ തിടുക്കപ്പെട്ടാണ് തീരുമാനം എടുത്തതെന്ന് കെ.സി വേണുഗോപാൽ പറഞ്ഞു. രാഹുൽ ഗാന്ധിക്ക് രണ്ട് വർഷം തടവ് ശിക്ഷ വിധിച്ച സൂറത്ത് കോടതി വിധിക്കെതിരെ കോൺഗ്രസ് അപ്പീൽ നൽകും. നിയമപോരാട്ടത്തിനായി അഞ്ചംഗ സമിതിയെ ചുമതലപ്പെടുത്തിയതായി കെ.സി വേണുഗോപാൽ മാധ്യമങ്ങളോട് പറഞ്ഞു. രാഹുലിന്റേത് ഒറ്റപ്പെട്ട സംഭവമല്ല, എന്നും പ്രതിപക്ഷ നേതാക്കളെ ഒന്നടങ്കം വേട്ടയാടുകയാണെന്നും കെ.സി വേണുഗോപാൽ വിമർശിച്ചു.

എതിർ ശബ്ദത്തെ മുഴുവൻ കേന്ദ്രം നിശബ്ദമാക്കാൻ ശ്രമിക്കുകയാണെന്നും ജനാധിപത്യത്തെ കറുത്ത അധ്യായത്തിലേക്ക് കൊണ്ടുപോകുന്നുവെന്നും കെ.സി വേണുഗോപാൽ കുറ്റപ്പെടുത്തി. കേന്ദ്ര സർക്കാരിന്റെ തെറ്റുകൾ മൂടിവയ്ക്കാനുള്ള ഗൂഢാലോചനയാണ് നടക്കുന്നത്. മോദിയുടെ തെറ്റുകൾക്കെതിരേ പ്രതികരിക്കുന്നവരെ അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് നിശബ്ദരാക്കുന്നു. ഭാരത് ജോഡോ യാത്ര ബി.ജെ.പിക്ക് വെല്ലുവിളിയായി. അതോടെയാണ് രാഹുലിനെ കുരുക്കാനുള്ള ശ്രമം തുടങ്ങിയതെന്ന് ആരോപിപിച്ച കെ.സി വേണുഗോപാൽ, പാർലമെന്റിലെ രാഹുലിന്റെ ഏത് വാക്കാണ് മോശമായതെന്നും ചോദിച്ചു. രാഹുലിന്റെ ശബ്ദമുയർത്താൻ സമ്മതിക്കുന്നില്ലെന്നും അദ്ദംഹം പറഞ്ഞു.

## യു.എ.പി.എ: മുൻ ഉത്തരവ് റദ്ദാക്കി സുപ്രീം കോടതി

ന്യൂഡൽഹി: നിരോധിത സംഘടനകളിലെ അംഗത്വം കുറ്റകരമല്ലെന്ന വിധിക്കെതിരേ നൽകിയ പുനഃ പരിശോധന ഹർജിയിൽ മുൻ ഉത്തരവ് റദ്ദാക്കി സുപ്രീം കോടതി. നിരോധിത സംഘടനയിൽ അംഗത്വമുണ്ടെന്ന ഒറ്റക്കാരണത്താൽ യു.എ.പി.എ ചുമത്താൻ ആകില്ലെന്ന മുൻ ഉത്തരവാണ് സുപ്രീംകോടതി റദ്ദാക്കിയത്. കുറ്റകൃത്യത്തിൽ ഏർപ്പെട്ടില്ലെങ്കിലും നിരോധിത സംഘടനയിൽ അംഗത്വമുണ്ടെങ്കിൽ അവർക്കെതിരേ നടപടി എടുക്കാമെന്ന യു.എ.പി.എ നിയമത്തിലെ 10(a)(i) വകുപ്പ് ഭരണഘടനയുടെ 19 (1)(a),19(2) എന്നീ വകുപ്പുകളുടെ ലംഘനമല്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കി. നിരോധിത സംഘടനകളിലെ സജീവ പ്രവർത്തകർക്ക് എതിരേ മാത്രമേ പ്രോസിക്യൂഷൻ നടപടികൾ പാടുള്ളൂവെന്നും അംഗത്വം ഉണ്ടെന്ന കാരണത്താൽ കേസ് എടുക്കാൻ കഴിയില്ലെന്നുമാണ് 2011ൽ സുപ്രീംകോടതി വിധിച്ചത്. ഈ വിധിക്കെതിരേ കേന്ദ്രം നൽകിയ പുനഃപരിശോധന ഹർജിയിലാണ് ജസ്റ്റിസ് എം.ആർ ഷാ അധ്യക്ഷനായ മൂന്നംഗ ബെഞ്ചിന്റെ സുപ്രധാന ഉത്തരവ്.

## അമൃത്പാലിന് ഹരിയാനയിൽ അഭയം നൽകിയ സ്ത്രീ അറസ്റ്റിൽ



ബൽജിത് കൗർ

ഹരിയാന: പഞ്ചാബ് പോലിസിനെ വെട്ടിച്ച് രക്ഷപ്പെട്ട അമൃത്പാലിനും സഹായിക്കും ഹരിയാനയിൽ അഭയം നൽകിയ സ്ത്രീ അറസ്റ്റിൽ. വെള്ളിയാഴ്ച പഞ്ചാബിൽ നിന്ന് രക്ഷപ്പെട്ട് ഹരിയാനയിലെ കുരുക്ഷേത്ര ജില്ലയിലെ ഷഹബാദിൽ എത്തിയ അമൃത്പാലിനും സഹായി പപൽപ്രീത് സിങിനും അഭയം നൽകിയ ബൽജിത് കൗർ എന്ന സ്ത്രീയെയാണ് പോലിസ് അറസ്റ്റ് ചെയ്തത്. ഹരിയാനയിലെത്തിയ അമൃത്പാൽ ഞായറാഴ്ചയാണ് ബൽജിത് കൗറിന്റെ വീട്ടിൽ തങ്ങിയത്. ഈ സ്ത്രീക്ക് അമൃത്പാലിന്റെ സഹായി പപൽപ്രീത് സിങുമായി രണ്ട് വർഷത്തിലേറെയായി അടുപ്പമുണ്ടെന്ന് പോലിസ് പറഞ്ഞു. ബൽജിത് കൗറിന്റെ സഹോദരനാണ് അമൃത്പാലിനെ താമസിപ്പിക്കുന്നുണ്ടെന്ന വിവരം പോലിസിനെ അറിയിച്ചത്. ബൽജിത് കൗറിനെ പോലിസ് വിശദമായി ചോദ്യം ചെയ്യുകയാണ്. കുരുക്ഷേത്ര ജില്ലയിലെ വീട്ടിലേയ്ക്ക് അമൃത്പാൽ വരുമ്പോൾ കൂടെയൊരാൾ കൂടി ഉണ്ടായിരുന്നതായും സ്കൂട്ടറിലാണ് അവർ വന്നതെന്നും യുവതി പറഞ്ഞു. മീശ വെട്ടി, വസ്ത്രം മാറി തലയിൽ തൊപ്പിയൊക്കെ ധരിച്ചാണ് അമൃത്പാൽ എത്തിയതെന്ന് യുവതി പോലിസിനെ അറിയിച്ചു. ഷഹബാദിൽ യുവതിയുടെ വീട്ടിൽ അമൃത്പാൽ രണ്ട് ഗിവസം താമസിച്ചിരുന്നതായി യുവതിയെ ചോദ്യം ചെയ്തതിൽനിന്ന മനസ്സിലായതായി പോലിസ് പറയുന്നു. യുവതിയെ പഞ്ചാബ് പോലിസിന് കൈമാറി.എന്നാൽ അമൃത്പാൽ പഞ്ചാബിൽ നിന്ന് എങ്ങനെ കടന്നു എന്നതിൽ പോലിസിന് വ്യക്തതയില്ല. ജലന്ധറിൽ നിന്ന് 200 കിലോമീറ്റർ അകലെയാണ് ഷഹബാദ്. മാർച്ച 18ന് ലുധിയാനയിൽ നിന്ന് ഓട്ടോ പിടിച്ച് പോകുന്നതായി വിവരം ലഭിച്ചിരുന്നു. എന്നാൽ മാർച്ച് 20 ആയതോടെ പഞ്ചാബ് വിട്ട് അമൃത്പാൽ എങ്ങനെ ഹരിയാനയിലെത്തി എന്നതാണ് പോലിസിനെ കുഴപ്പിക്കുന്നത്.

# കോഴിക്കോട് മെഡിക്കൽ കോളേജിലെ പീഡനം; അഞ്ച് പേർക്ക് സസ്പെൻഷൻ, ഒരാളെ പിരിച്ചുവിട്ടു

കോഴിക്കോട്: ശസ്ത്രക്രിയ കഴിഞ്ഞ യുവതിയെ പീഡിപ്പിച്ച സംഭവത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും ഒരാളെ പിരിച്ചുവിടുകയും ചെയ്തു. ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ നിർദേശപ്രകാരമാണ് നടപടി. മൊഴി മാറ്റാൻ വേണ്ടി യുവതിയെ സ്വാധീനിക്കാൻ ശ്രമിച്ച അഞ്ച് പേരെ സസ്പെൻഡ് ചെയ്യുകയും ഒരാളെ പിരിച്ചുവിടുകയും ചെയ്തു. ഒരു നഴ്സിങ് അസിസ്റ്റന്റ്, ആശുപത്രി അറ്റൻഡന്റർമാർ, ദിവസവേതനക്കാർ തുടങ്ങിയവർ മൊഴി മാറ്റാൻ വേണ്ടി നിർബന്ധിച്ചുവെന്ന് പറഞ്ഞ് യുവതി പരാതി നൽകിയിരുന്നു.




കേസിൽ അഞ്ചു ജീവനക്കാരെ പ്രതിചേർത്തിട്ടുണ്ട്. ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ഗ്രേഡ് രണ്ട് അറ്റൻഡർ, മൂന്ന് ഗ്രേഡ് ഒരു അറ്റൻഡർമാർ എന്നിവർക്കെതിരെയാണ് കേസ്. മെഡിക്കൽ കോളേജ് എ.സി.പി കെ. സുദർശൻ പരാതിക്കാരിയുടെ മൊഴി രേഖപ്പെടുത്തിയിരുന്നു. ശസ്ത്രക്രിയ കഴിഞ്ഞ യുവതിയെ ഐ.സി. യുവിനുള്ളിൽവച്ച് ആശുപത്രി ജീവനക്കാരൻ വടകര സ്വദേശി ശശീന്ദ്രൻ പീഡിപ്പിച്ചുവെന്നായിരുന്നു പരാതി. കഴിഞ്ഞ ശനിയാഴ്ച രാവിലെ ആറു മണിക്കും 12 മണിക്കും ഇടയിലാണ് യുവതി പീഡനത്തിനിരയായത്. തൈറോയിഡ് ശസ്ത്രക്രിയയ്ക്ക് ശേഷം ഓപ്പറേഷൻ തിയേറ്ററിൽ നിന്ന് യുവതിയെ സ്ത്രീകളുടെ സർജിക്കൽ ഐ.സി. യുവിലേക്ക് മാറ്റിയിരുന്നു. യുവതിയെ ഇവിടെയെത്തിച്ചത് ഈ അറ്റൻഡറാണ്. ഇതിനു ശേഷം മടങ്ങിയ ഇയാൾ അൽപസമയം കഴിഞ്ഞു തിരികെ വന്നാണ് ക്രൂരകൃത്യം നടത്തിയതെന്നാണ് പരാതിയിൽ പറയുന്നത്. ശസ്ത്രക്രിയക്കു വേണ്ടി അനസ്തേഷ്യ നൽകിയിരുന്നതിനാൽ മയക്കം പൂർണമായും മാറാത്ത അവസ്ഥയിലായിരുന്നു യുവതി. പിന്നീട് സംസാരിക്കാവുന്ന അവസ്ഥയായപ്പോൾ വാർഡിലുണ്ടായിരുന്ന നഴ്സിനോട് കാര്യം യുവതി പറയുകയായിരുന്നു. തുടർന്ന് ബന്ധുക്കളെ അറിയിക്കുകയും പോലിസിൽ പരാതി നൽകുകയായിരുന്നു.

## റഷ്യൻ യുവതി പരുക്കേറ്റ് ചികിത്സ തേടിയ സംഭവം; വനിത കമ്മീഷൻ കേസെടുത്തു

കോഴിക്കോട്: റഷ്യൻ യുവതി കോഴിക്കോട്ട് പരുക്കേറ്റ് ചികിത്സ തേടിയ സംഭവത്തിൽ വനിത കമ്മീഷൻ കേസെടുത്തു. കൂരാച്ചുണ്ട് പോലിസ് സ്റ്റേഷൻ ഓഫിസറോട് വനിത കമ്മീഷൻ അടിയന്തര റിപ്പോർട്ട് തേടി. സംഭവത്തിൽ യുവതിയുടെ മൊഴി ഉടൻ രേഖപ്പെടുത്തും. ഇതിനായി റഷ്യൻ ഭാഷ അറിയുന്ന ആളുകളുടെ സഹായം ഉടൻ തേടാനും കമ്മീഷൻ നിർദേശം നൽകി. ദ്വിഭാഷിയുടെ സഹായത്തോടെയാണ്



മൊഴിയെടുക്കുക. നാട്ടുകാർ വിവരമറിയിച്ചതിനെ തുടർന്ന് കൂരാചുണ്ട് പോലിസാണ് കഴിഞ്ഞ ദിവസം രാത്രി യുവതിയെ മെഡിക്കൽ കോളേജിലെത്തിച്ചത്. ആൺസുഹൃത്തിന്റെ ഉപദ്രവത്തെ തുടർന്ന് കെട്ടിടത്തിൽ നിന്ന് ചാടിയതെന്നാണ് ലഭിച്ച വിവരം. ഇവരുടെ ആൺ സുഹൃത്തായ കൂരാച്ചുണ്ട് സ്വദേശിയെ ഇതുവരെ കണ്ടെത്താനായില്ല. ഇയാൾ ഒളിവിലാണെന്നാണ് പോലിസ് നിഗമനം. യുവതി മെഡിക്കൽ കോളേജിലെ ഐ.സി.യുവിൽ ചികിത്സയിലാണ്.

# വൈദേകം റിസോർട്ടിനെതിരായ അന്വേഷണം; വിദഗ്ധ സംഘത്തിനായി അനുമതി തേടി വിജിലൻസ്

കണ്ണൂർ: വൈദേകം റിസോർട്ടിനെതിരായ അന്വേഷണത്തിൽ വിദഗ്ധസംഘത്തിനായി സർക്കാരിന്റെ അനുമതി തേടി വിജിലൻസ്. സാങ്കേതിക കാര്യങ്ങളിലെ വ്യക്തതക്ക് വേണ്ടിയാണ് വിദഗ്ധ സംഘത്തിന് രൂപം നൽകാനുള്ള നീക്കം. അനുമതി കിട്ടിയ ശേഷം തുടർ നടപടികൾ സ്വീകരിക്കും. റിസോർട്ട് നിർമാണത്തിൽ അഴിമതി ആരോപിച്ച് യൂത്ത് കോൺഗ്രസ് നേതാവ് നൽകിയ പരാതിയിലാണ് വിജിലൻസ് പ്രാഥമിക അന്വേഷണം തുടങ്ങിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ആന്തൂർ നഗരസഭയിലും വൈദേകം റിസോർട്ടിലും വിജിലൻസ് സംഘം പരിശോധന നടത്തിയിരുന്നു. ക്രമക്കേട് നടന്നിട്ടുണ്ടോയെന്നറിയാൻ കൂടുതൽ പരിശോധന റിസോർട്ടിൽ ആവശ്യമാണെന്നാണ് വിജിലൻസ് പറയുന്നത്. കെട്ടിടനിർമാണത്തിലെ സാങ്കേതിക കാര്യങ്ങളുൾപ്പെടെ വിലയിരുത്തണമെങ്കിൽ വിദഗ്ധോപദേശം ആവശ്യമാണ്. റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരേയും സംഘത്തിൽ ഉൾപ്പെടുത്തും. ഇതിനായി വിജിലൻസ് ഡയരക്ടർക്കും സർക്കാരിനും വിജിലൻസ് കണ്ണൂർ യൂണിറ്റ് അപേക്ഷ നൽകിയിട്ടുണ്ട്. അനുമതി കിട്ടിയാലുടൻ വിദഗ്ധ സംഘത്തിന് രൂപം നൽകും. ശേഷം റിസോർട്ടിൽ വീണ്ടും പരിശോധന നടത്താനാണ് വിജിലൻസിന്റെ നീക്കം. ഈ പരിശോധനയിൽ ക്രമക്കേട് ബോധ്യപ്പെട്ടാൽ മാത്രമേ കേസെടുക്കുന്ന കാര്യം അന്വേഷണസംഘം തീരുമാനിക്കൂ.

# ഗവർണർക്ക് തിരിച്ചടി; കേരള സർവകലാശാല സെനറ്റ് അംഗങ്ങളെ പുറത്താക്കിയ നടപടി റദ്ദാക്കി ഹൈക്കോടതി

കൊച്ചി: കേരള സർവകലാശാല സെനറ്റ് അംഗങ്ങളെ പുറത്താക്കിയ കേസിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാന് തിരിച്ചടി. സെനറ്റ് അംഗങ്ങളെ പുറത്താക്കിയ നടപടി ഹൈക്കോടതി റദ്ദാക്കി. ഗവർണറുടെ ഉത്തരവ് ചട്ടവിരുദ്ധമാണെന്ന ഹർജിക്കാരുടെ വാദം കോടതി അംഗീകരിച്ചു. ജസ്റ്റിസ് സതീഷ് നൈനാന്റെ ബെഞ്ചിന്റേതാണ് ഉത്തരവ്. പുറത്താക്കപ്പെട്ട സെനറ്റ് അംഗങ്ങൾ നൽകിയ ഹർജിയിലാണ് ഹൈക്കോടതിയുടെ വിധി. കേരള സർവകലാശാലയിലെ 15 സെനറ്റ് അംഗങ്ങളെ പുറത്താക്കി കഴിഞ്ഞ ഒക്ടോബറിലാണ് ഗവർണർ ഉത്തരവിറക്കിയത്. 91 സെനറ്റ് അംഗങ്ങളേയും സർവകലാശാലയേയും ഇക്കാര്യം അറിയിച്ചിരുന്നു. പുതിയ വൈസ് ചാൻസലറെ കണ്ടെത്താൻ സെർച്ച് കമ്മിറ്റി രൂപീകരിച്ചില്ലെന്ന കാരണത്താൽ കേരള



സർവകലാശാലയിലെ സെനറ്റ് അംഗങ്ങളെ ചാൻസലർ കൂടിയായ ഗവർണർ പിൻവലിക്കുകയായിരുന്നു. ഗവർണർ നാമനിർദേശം ചെയ്ത 13 പേരിൽ രണ്ട് പേർ മാത്രമായിരുന്നു അന്ന് സെനറ്റ് യോഗത്തിൽ പങ്കെടുത്തിരുന്നത്. ബാക്കി 11 പേരെയും യോഗത്തിന് എത്താത്ത നാല് വകുപ്പ് മേധാവികളേയും പുറത്താക്കുകയായിരുന്നു. അംഗങ്ങളെ പുറത്താക്കിയ ഗവർണറുടെ ഉത്തരവ് നടപ്പിലാക്കുന്നതിനു പകരം ഉത്തരവിൽ വ്യക്തത തേടി കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. വി.പി മഹാദേവൻ പിള്ള ഗവർണർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ തന്റെ ഉത്തരവ് അടിയന്തരിമായി നടപ്പാക്കാനായിരുന്നു ഗവർണറുടെ നിർദേശം. കേസിൽ ഹൈക്കോടതി വിധിയുടെ പകർപ്പ് കിട്ടിയ ശേഷം അപ്പീൽ സാധ്യത പരിശോധിക്കുമെന്ന് രാജ്ഭവൻ വൃത്തങ്ങൾ അറിയിച്ചു.

# 'ശ്രീകൃഷ്ണൻ വിശ്വരൂപത്തിൽ ദർശനം നൽകി'; തത്സമയ വീഡിയോ പങ്കുവച്ച് ആർ.ജെ.ഡി നേതാവ് തേജ് പ്രതാപ് യാദവ്

ന്യൂഡൽഹി: സ്വപ്നങ്ങളുടെ പേരിൽ അണികളെ ആകർഷിക്കാൻ ശ്രമിക്കുന്ന ആർ.ജെ.ഡി നേതാവും മന്ത്രിയും ലാലു പ്രസാദ് യാദവിന്റെ മകനുമായ തേജ് പ്രതാപ് യാദവ് ടിറ്ററിൽ പുതിയ വീഡിയോ പങ്കുവെച്ചിരിക്കുകയാണ്. ഭഗവാൻ കൃഷ്ണനെ സ്വപ്നം കണ്ടുണർന്നു എന്ന തരത്തിലെ വീഡിയോ ആണ് അദ്ദേഹം പങ്കുവെച്ചത്. ശ്രീകൃഷ്ണൻ വിശ്വരൂപത്തിൽ തനിക്ക് ദർശനം നൽകിയെന്നാണ് അദ്ദേഹത്തിന്റെ അവകാശവാദം. ഹിന്ദു ദൈവങ്ങളെ പോലെ വേഷം ധരിച്ച് നടന്ന് ശ്രദ്ധ നേടിയ ആളാണ് തേജ് പ്രതാപ് യാദവ്. പട്നയിലെ ശിവക്ഷേത്രത്തിൽ അദ്ദേഹം ശിവനെപ്പോലെ വേഷം ധരിച്ച് പ്രാർഥിക്കാൻ പോയ സംഭവവും ഉണ്ടായിട്ടുണ്ട്. 'വിശ്വരൂപത്തിലാണ് ഞാൻ അങ്ങയെ കാണുന്നത്. കിരീടധാരിയായി, ശംഖുചക്രഗദാധാരിയായി ലോകമെങ്ങും വെളിച്ചം വിതറുന്ന വിധത്തിൽ' തേജ് പ്രതാപ് പറയുന്നു.



തേജ്പ്രതാപ് യാദവ് പുറത്തുവിട്ട വീഡിയോയിലെ ദൃശ്യത്തിൽ നിന്ന്

അദ്ദേഹം കിടന്നുറങ്ങുന്നതാണ് വീഡിയോയിലുള്ളത്. മഹാഭാരത യുദ്ധവും ഭഗവാൻ കൃഷ്ണനെയും അദ്ദേഹം സ്വപ്നത്തിൽ കാണുന്നു. സ്വപ്നം കാണുന്നതോടെ തേജ്പ്രതാപ് ഉറക്കത്തിൽ നിന്ന് ഞെട്ടിയുണരുന്നതും വീഡിയോയിലുണ്ട്. ഇതാദ്യമായല്ല സ്വപ്നങ്ങളുടെ പേരിൽ തേജ് പ്രതാപ് അണികളെ ആകർഷിക്കാൻ ശ്രമം നടത്തുന്നത്. ഫെബ്രുവരി 22ന് അദ്ദേഹം പട്നയിലുള്ള സെക്രട്ടേറിയറ്റിലേക്ക് സൈക്കിളിൽ പോയിരുന്നു. അന്തരിച്ച സമാജ് നാദി പാർട്ടി നേതാവ് മുലായം സിങ് യാദവിനെ സ്വപ്നത്തിൽ കണ്ടെന്നും അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് സൈക്കിൾ യാത്രയെന്നുമാണ് അന്ന് തേജ് പ്രതാപ് പറഞ്ഞത്. ശ്രീകൃഷ്ണനായി വേഷം ധരിച്ച് പ്രത്യക്ഷപ്പെടുന്നതിലൂടെ വാർത്തിയിലിടം പിടിച്ചയാളാണ് തേജ് പ്രതാപ്. സഹോദരനും ബിഹാർ ഉപമുഖ്യമന്ത്രിയുമായ തേജസ്വി യാദവിനെ അർജുനൻ എന്നും തന്നെ കൃഷ്ണൻ എന്നുമാണ് തേജ് പ്രതാപ് വിശേഷിപ്പിക്കുന്നത്.

# രാഹുലിന്റെ ശിക്ഷ 2024ൽ കടുക്കും: ബി.ജെ.പി അധ്യക്ഷൻ

ന്യൂഡൽഹി: രാഹുൽ ഗാന്ധിക്ക് 2024ൽ ശിക്ഷ കടുക്കുമെന്ന് ബി.ജെ.പി അധ്യക്ഷൻ ജെ.പി നദ്ദ. ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെടുന്ന മോദി സമുദായത്തെ കള്ളന്മാരോട് ഉപമിച്ചതിലൂടെ രാഹുലിന്റെ ജാതി മനസ് പുറത്തായെന്ന് അദ്ദേഹം രൂക്ഷമായി വിമർശിച്ചു. രാഹുൽ ഗാന്ധി വ്യക്തി അധിക്ഷേപം നടത്തുന്ന ആളാണെന്നും അദ്ദേഹത്തിന്റെ പുതിയ പ്രസ്താവനകളിൽ ആശ്ചര്യമില്ലെന്നും നദ്ദ പറഞ്ഞു. രാഷ്ട്രീയ വാഗ്വാദത്തെ തരംതാഴ്ത്തുന്ന നിലപാടായിരുന്നു മുൻകാലങ്ങളിൽ അദ്ദേഹം സ്വീകരിച്ചത്. കോൺഗ്രസ് പ്രസിഡന്റ് ആയിരുന്നപ്പോൾ 2019ൽ അദ്ദേഹം റാഫേൽ ഇടപാടിൽ ഇല്ലാത്ത അഴിമതി ആരോപണം ഉന്നയിച്ചു. കോ



ടതിയിൽ ഈ വാദങ്ങൾ വിലപ്പോയില്ല. കേസിൽ സുപ്രീം കോടതി രാഹുൽ ഗാന്ധിയുടെ അഴിമതി ആരോപണങ്ങൾ മുഖവിലയ്ക്ക് എടുത്തില്ല. 2019ലെ തെരഞ്ഞെടുപ്പിൽ രാഹുൽ ചൗകിദാർ ചോർ ഹേ എന്ന പ്രസ്താവനയിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അധിക്ഷേപിച്ചു. സുപ്രീം കോടതിയിൽ ഈ പ്രസ്താവന വിമർശിക്കപ്പെട്ടു. തെരഞ്ഞെടുപ്പിൽ സ്വന്തം സീറ്റിൽ അദ്ദേഹവും രാജ്യമെമ്പാടും അദ്ദേഹത്തിന്റെ പാർട്ടിയും തോൽക്കുന്നത് നമ്മൾ കണ്ടു. ഇപ്പോൾ രാഹുൽ ഗാന്ധി മുഴുവൻ ഒ.ബി.സി വിഭാഗത്തെയും കള്ളന്മാരാക്കിയിരിക്കുകയാണ്. കോടതിയിൽ ക്ഷമാപണം നടത്താൻ അദ്ദേഹം തയ്യാറാകാത്തത് കൊണ്ടാണ് തടവ് ശിക്ഷ ലഭിച്ചത്. അദ്ദേഹത്തിന്റെ ഒ.ബി.സി വിരുദ്ധത എത്രത്തോളമുണ്ടെന്ന് ഇതിലൂടെ മനസിലാകും. 2019ൽ അദ്ദേഹത്തിന് ജനം മാപ്പ് നൽകിയില്ല. 2024ൽ ശിക്ഷ കൂടുതൽ കനത്തതാവുമെന്ന് ജെ.പി നദ്ദ പറഞ്ഞു.


# പശ്ചിമ ബംഗാളിൽ ഇടതുഭരണ കാലത്ത് നടന്ന നിയമനങ്ങളിൽ വൻ ക്രമക്കേടെന്ന് തൃണമൂൽ കോൺഗ്രസ്

കൊൽക്കത്ത: പശ്ചിമ ബംഗാളിൽ ഇടതുഭരണ കാലത്ത് നേതാക്കളുടെ ബന്ധുക്കൾ കൂട്ടത്തോടെ അനധികൃത നിയമനം നേടിയെന്ന ആരോപണവുമായി തൃണമൂൽ കോൺഗ്രസ്. എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റും സി.ബി.ഐയും അനധികൃത നിയമനങ്ങൾ അന്വേഷിക്കണമെന്ന് തൃണമൂൽ കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി കുനാൽ ഘോഷ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സി.പി.എം നേതാക്കളുടെ ബന്ധുക്കളും കുടുംബാംഗങ്ങളും പ്രൈമറി, സെക്കന്ററി സ്കൂളുകളിൽ അധ്യാപകരായി സർക്കാർ ജോലി നേടിയിരുന്നുവെന്നത് പരസ്യമായ രഹസ്യമാണ്. ഇടതുഭരണ കാലത്ത് അധ്യാപകരായി ജോലി ലഭിച്ച സി.പി.എം നേതാക്കളുടെ പട്ടിക സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുണ്ട്. സി.പി.എം നേതാവ് സുജൻ ചക്രവർത്തിയുടെ ഭാര്യയ്ക്ക് ദക്ഷിണ കൊൽക്കത്തയിലെ ഗിനബന്ധു ആൻഡ്രൂസ് കോളജിൽ അനധികൃതമായി ജോലി ലഭിച്ചെന്നും ഇതൊരു ചെറിയ ഉദാഹരണം മാത്രമാണെന്നും ഘോഷ് ചൂണ്ടിക്കാട്ടി. 34 വർഷം ജോലി ചെയ്ത ഇവർ വിരമിക്കുമ്പോൾ 55,000 രൂപയായിരുന്നു അടിസ്ഥാന ശമ്പളമെന്ന് തൃണമൂൽ ആരോപിക്കുന്നു. സർക്കാർ സ്കൂളുകളിലെ നിയമന കുംഭകോണത്തിന് തൃണമൂൽ മന്ത്രി പാർഥ ചാറ്റർജി ജയിലിലാണ്. മറ്റ് ചില തൃണമൂൽ നേതാക്കളും ആരോപണം നേരിടുന്ന സാഹചര്യത്തിലാണ് സി.പി.എം നേതാക്കളുടെ ബന്ധു നിയമനം തൃണമൂൽ ആയുധമാക്കുന്നത്. പാർഥ ചാറ്റർജി കോടതിയിൽ പ്രവേശിക്കുന്നതിനു മുമ്പ് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിലെ നിയമനത്തിനായി നിരവധി സി.പി.എം, ബി.ജെ.പി നേതാക്കൾ ആനുകൂല്യം ചോദിച്ചതായി മാധ്യമങ്ങൾക്കു മുമ്പിൽ ആരോപിച്ചിരുന്നു. ബി.ജെ.പി നേതാവും പ്രതിപക്ഷ നേതാവുമായ സുവേന്ദു അധികാരി, ബി.ജെ.പി ദേശീയ വൈസ് പ്രസിഡന്റും ലോക്സഭാംഗവുമായ ദിലീപ ഘോഷ്, സി.പി.ഐ കേന്ദ്ര കമ്മിറ്റി അംഗവും മുൻ നിയമസഭാകക്ഷി നേതാവുമായ സുജൻ ചക്രവർത്തി എന്നിവരെ അദ്ദേഹം പ്രത്യേകം പരാമർശിച്ചിരുന്നു. എന്നാൽ പാർഥ ചാറ്റർജിയുടെ ആരോപണങ്ങളെ തൃണമൂൽ പിന്തുണയ്ക്കുന്നില്ലെന്നും എങ്കിലും റിക്രൂട്ട്മെന്റ് അഴിമതിയിൽ പ്രതിയെന്ന നിലയിൽ അദ്ദേഹം പരാമർശിച്ചവരെ ചോദ്യം ചെയ്യണമെന്നും കുനാൽ ഘോഷ് വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

# ഗാന്ധിജിക്ക് ബിരുദമോ, നിയമബിരുദമോ ഉണ്ടായിരുന്നില്ല വിദ്യാഭ്യാസമെന്നത് ബിരുദം മാത്രമല്ല: മനോജ് സിൻഹ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരേ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ നടത്തിയ പരാമർശത്തിന് മറുപടിയുമായി ജമ്മു കശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിക്ക് സർവകലാശാല ബിരുദമോ നിയമബിരുദമോ ഉണ്ടായിരുന്നില്ലെന്നും അത് ജനങ്ങളുടെ തെറ്റിധാരണ മാത്രമായിരുന്നുവെന്നും മനോജ് സിൻഹ പറഞ്ഞു. വിദ്യാഭ്യാസം കുറഞ്ഞ ഒരു പ്രധാനമന്ത്രിക്ക് 21-ാം നൂറ്റാണ്ടിലെ ഇന്ത്യയെ വാർത്തെടുക്കാനാവുമോ എന്ന കെജ്രിവാളിന്റെ പരാമർശത്തോട് പ്രതികരിക്കുകയായിരുന്നു മനോജ് സിൻഹ.



വിദ്യാഭ്യാസമുള്ള ഒരു പ്രധാനമന്ത്രിയായിരുന്നു നമുക്കുള്ളതെങ്കിൽ വിദ്യാലയങ്ങളുടെ പ്രാധാന്യം മനസിലാക്കി അവ അടച്ചു പൂട്ടുന്നതിനു പകരം കൂടുതൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുറക്കുകയും ചെയ്യുമായിരുന്നു എന്ന് വ്യാഴാഴ്ച ജന്തർമന്ദിറിൽ നടന്ന പൊതു പരിപാടിയിൽ കെജ്രിവാൾ പറഞ്ഞിരുന്നു.

'ഗാന്ധിജിയ്ക്ക് വിദ്യാഭ്യാസമില്ലെന്ന് ആരെങ്കിലും പറയുമോ? അതുപറയാനുള്ള ധൈര്യം ആർക്കുമില്ല. ഏതെങ്കിലും സർവകലാശാലാ ബിരുദമോ യോഗ്യതയോ അദ്ദേഹത്തിനില്ല. ഗാന്ധിജി നിയമബിരുദം നേടിയിട്ടുണ്ടെന്നാണ് പലരും കരുതുന്നത്. പക്ഷെ അദ്ദേഹത്തിന് നിയമബിരുദമില്ല. ഹൈസ്കൂൾ ഡിപ്ലോമയാണ് അദ്ദേഹത്തിന്റെ ഏക യോഗ്യത. നിയമവ്യവഹാരം നടത്തുന്നതിനുള്ള യോഗ്യത അദ്ദേഹത്തിനുണ്ട്. നമ്മുടെ രാഷ്ട്രപിതാവിന്റെ വിദ്യാഭ്യാസയോഗ്യത എന്താണെന്ന് നോക്കൂ എന്ന് പൊതുപരിപാടിയിൽ സിൻഹ പരോക്ഷമായി പ്രതികരിച്ചു.

# ഡൽഹിയിൽ യുവതിക്കും കുഞ്ഞിനും നേരെ അജ്ഞാതൻ ആസിഡൊഴിച്ചു

ഡൽഹി: ഡൽഹി ഭാരത് നഗറിൽ മാർക്കറ്റിലേക്ക് നടന്നു പോവുകയായിരുന്ന യുവതിക്കും കുഞ്ഞിനും നേരെ അജ്ഞാതന്റെ ആസിഡാക്രമണം. ഇന്നലെ രാവിലെ എട്ടു മണിയോടെ മാർക്കറ്റിലേക്ക് പോവുകയായിരുന്ന 33 കാരിയായ അമ്മയ്ക്കും ഇവരുടെ നാലു വയസ്സുള്ള മകനുമാണ് അജ്ഞാതന്റെ ആസിഡാക്രമണത്തിൽ പൊള്ളലേറ്റത്. ഇവർക്കു നേരെ അടുത്തുള്ള പാർക്കിൽ നിന്നൊരാൾ ആസിഡ് ഒഴിക്കുകയായിരുന്നു. ആക്രമണത്തിൽ അമ്മക്കും കുഞ്ഞിനും പൊള്ളലേറ്റു. ഉടൻ തന്നെ അടുത്ത ആശുപത്രിയിൽ യുവതിയും കുഞ്ഞും ചികിത്സ തേടി. സംഭവത്തിൽ യുവതി പോലിസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. അതേസമയം, ആക്രമണത്തിന് പിന്നിൽ എന്തെങ്കിലും വ്യക്തിവിരോധമുള്ളവർ ഉണ്ടോയെന്ന് പോലിസ് അന്വേഷിച്ച് വരികയാണ്.

# കേന്ദ്ര അന്വേഷണ ഏജൻസികളെ ദുരുപയോഗം ചെയ്യുന്നു: 14 പ്രതിപക്ഷ പാർട്ടികൾ സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചു

ന്യൂഡൽഹി: കേന്ദ്ര സർക്കാർ അന്വേഷണ ഏജൻസികളെ ദുരുപയോഗം ചെയ്യുന്നുവെന്ന് ആരോപിച്ച് 14 പ്രതിപക്ഷ പാർട്ടികൾ സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചു. ഹർജി അടുത്ത മാസം അഞ്ചിന് സുപ്രീം കോടതി പരിഗണിക്കും. അറസ്റ്റിനും റിമാന്റിനും മാർഗരേഖ വേണം എന്നാവശ്യപ്പെട്ടാണ് ഹർജി സമർപ്പിച്ചിരിക്കുന്നതെന്നാണ് വിവരം. ഇന്ന് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ചിന് മുൻപാകെ ഈ ഹർജിയെ



കുറിച്ച് അഭിഭാഷകൻ മനു അഭിഷേക് സിങ്വി പരാമർശിച്ചിരുന്നു. സംയുക്തമായാണ് പ്രതിപക്ഷ പാർട്ടികൾ ഹർജി സമർപ്പിച്ചിരിക്കുന്നത്. കോൺഗ്രസിന് പുറമെ ഡി.എം.കെ, രാഷ്ട്രീയ ജനതാദൾ, ഭാരതീയ രാഷ്ട്രീയ സമിതി, തൃണമൂൽ കോൺഗ്രസ് അടക്കമുള്ള പാർട്ടികളാണ് ഹർജി സമർപ്പിച്ചിരിക്കുന്നത്. സി.ബി.ഐ, ഇഡി തുടങ്ങിയ അന്വേഷണ ഏജൻസികളെ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾക്ക് എതിരേയുള്ള ആയുധമാക്കി കേന്ദ്രസർക്കാർ ഉപയോഗിക്കുന്നുവെന്നാണ് ഹർജിയിലെ പ്രധാന വിമർശനം. ഏജൻസികൾ എടുത്ത 95 ശതമാനം കേസുകളും പ്രതിപക്ഷ പാർട്ടി നേതാക്കൾക്ക് എതിരേയുള്ളതാണെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതിനാൽ സുപ്രീം കോടതി ഇടപെട്ട് അറസ്റ്റിനും റിമാന്റിനും അടക്കം പ്രത്യേക മാനദണ്ഡം ഏർപ്പെടുത്തണമെന്നാണ് ഉത്തരവിൽ പറയുന്നത്. ഹർജി ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് പരിഗണിക്കും.



സ്ഫുലിംഗം പത്രാധിപരായിരുന്ന എൻ.വി വിനോദിന്റെ നാലാം ചരമവാർഷികത്തോടനുബന്ധിച്ച് ഓർഗനൈസേഷൻ ഓഫ് സ്മോൾ ന്യൂസ്പേപ്പേഴ്സ് സൊസൈറ്റി സംഘടിപ്പിച്ച അനുസ്മരണ സദസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന യു.കെ കുമാരൻ

# നഗരത്തിൽ സാമൂഹിക പ്രശ്നങ്ങളിൽ ഇടപ്പെടുന്നവരുടെ എണ്ണം കുറയുന്നു: യു.കെ കുമാരൻ

കോഴിക്കോട്: നഗരത്തിൽ സാമൂഹിക പ്രശ്നങ്ങളിൽ ഇടപ്പെടുന്നവരുടെ എണ്ണം കുറയുകയാണെന്നും എൻ.വി വിനോദിനെ പോലുള്ളവരുടെ അഭാവം സമൂഹം നേരിടുകയാണെന്നും പ്രശസ്ത എഴുത്തുകാരൻ യു.കെ കുമാരൻ പറഞ്ഞു. സമൂഹത്തിൽ തിരുത്തൽ ശക്തികളാണ് ആവശ്യം. നഗരത്തിൽ നിരവധി സാമൂഹിക പ്രശ്നങ്ങളുണ്ടെങ്കിലും തിരുത്തൽ ശക്തികളില്ലാതാകുന്നത് ഭയപ്പെടുത്തുകയാണെന്നദ്ദേഹം കൂട്ടിച്ചേർത്തു. സ്ഫുലിംഗം പത്രാധിപരായിരുന്ന എൻ.വി വിനോദിന്റെ നാലാം ചരമവാർഷികത്തോടനുബന്ധിച്ച് ഓർഗനൈസേഷൻ ഓഫ് സ്മോൾ ന്യൂസ്പേപ്പേഴ്സ് സൊസൈറ്റി സംഘടിപ്പിച്ച അനുസ്മരണ സദസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാമദാസ് വേങ്ങേരി അധ്യക്ഷത വഹിച്ചു. എഴുത്തുകാരൻ വി.ആർ സുധീഷ് മുഖ്യപ്രഭാഷണം നടത്തി. വത്സൻ നെല്ലിക്കോട്, എം.പ1 പത്മനഭാമൻ സംസാരിച്ചു. ടി.എം സത്യജിത്ത് പണിക്കർ സ്വാഗതവും പി.കെ ജനാർദനൻ നന്ദിയും പറഞ്ഞു.

# ലോക ക്ഷയരോഗ ദിനാചരണം സംഘടിപ്പിച്ചു

കോഴിക്കോട്: ആരോഗ്യ വകുപ്പിന്റേയും ജില്ലാ ക്ഷയരോഗ കേന്ദ്രത്തിന്റേയും ആഭിമുഖ്യത്തിൽ ലോക ക്ഷയരോഗ ദിനാചരണം സംഘടിപ്പിച്ചു. 'അതേ, നമുക്ക് ക്ഷയരോഗത്തെ തു'ച്ചുനീക്കാം' എന്ന സന്ദേശമുയർത്തി സംഘടിപ്പിച്ച പരിപാടി മേയർ ഡോ. ബീന ഫിലിപ് ഉദ്ഘാടനം ചെയ്തു. 2025-ഓടെ ക്ഷയരോഗം രാജ്യത്ത് നിന്ന് തുടച്ചുനീക്കുന്നതിന് വേണ്ടിയുള്ള ദൗത്യത്തിൽ എല്ലാവിഭാഗം ആളുകളുടേയും പങ്കാളിത്തം അത്യാവശ്യമാണ്, എങ്കിലേ ക്ഷയരോഗമുക്ത കേരളം എന്ന ലക്ഷ്യം നമുക്ക് കൈവരിക്കാൻ സാധിക്കുകയുള്ളൂവെന്ന് മേയർ പറഞ്ഞു. ആരോഗ്യകരമായ ജീവിത രീതികൾ സ്വീകരിച്ച് ശരീരത്തിന്റെ രോഗപ്രതിരോധ ശേഷി വർധിപ്പിക്കാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണമെന്നും അവർ കൂട്ടിച്ചേർത്തു. ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫിസർ ഡോ.എ.പ1 ദിനേശ് കുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ ടിബി സെന്റർ കൺസൾട്ടന്റ് ഡോ.ജലജാമണി ലോക ക്ഷയരോഗദിന സന്ദേശം നൽകി. ജില്ലാ ടിബി കേന്ദ്രത്തിന് സംഭാവന



ആരോഗ്യ വകുപ്പിന്റേയും ജില്ലാ ക്ഷയരോഗ കേന്ദ്രത്തിന്റേയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോകക്ഷയരോഗ ദിനാചരണം പരിപാടി മേയർ ബീന ഫിലിപ് ഉദ്ഘാടനം ചെയ്യുന്നു

ചെയ്ത ശുചിത്വ കിറ്റുകൾ ആരോഗ്യ സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺ ഡോ.എസ് ജയശ്രീ ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി സെക്രട്ടറി കെ.ദീപുവിൽ നിന്ന് ഏറ്റുവാങ്ങി.

ജില്ലാ ടിബി ഓഫിസർ ഡോ. ടി.സി അനുരാധ, ഡിവിഷൻ കൗൺസിലർ ടി.റെനീഷ്, കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസ് മേധാവി ഡോ.കെ.പി സൂരജ്, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മോധാവി ഡോ.ഡി .അസ്മ റഹീം, ഐ.എം.എ കോഴിക്കോട് ജില്ലാ പ്രസിഡന്റ് ബി. വേണുഗോപാലൻ, കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ പ്രസിഡന്റ് മിലി മോണി, ജില്ലാ ടിബി ഫോറം പ്രസിഡന്റ് ശശി കുമാർ ചേളന്നൂർ, ജില്ലാ മാസ് മീഡിയ ഓഫിസർ കെ. മുഹമ്മദ് മുസ്തഫ തുടങ്ങിയവർ സംസാരിച്ചു. പരിപാടിയുടെ ഭാഗമായി ക്ഷയരോഗ പ്രതിരോധത്തെ കുറിച്ച് പ്രശസ്ത മാന്ത്രികൻ രാജീവ് മേമുണ്ടയുടെ മാജിക് ഷോ, വിദ്യാർഥികളുടെ സംഗീത ശിൽപം, വീഡിയോ-പോസ്റ്റർ പ്രദർശനം എന്നിവ നടന്നു. ജനപ്രതിനിധികൾ, ആരോഗ്യപ്രവർത്തകർ, വിവിധ സന്നധ സംഘടനാ പ്രതിനിധികൾ, വിവിധ ലക്ഷ്യാധിഷ്ഠിത സംഘങ്ങളിലും സ്വകാര്യ ആതുര സേവന മേഖലകളിലും പ്രവർത്തിക്കുന്നവർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# പാലക്കാട്- കോഴിക്കോട് ഗ്രീൻഫീൽഡ് ദേശീയപാത; വഴിതടയൽ സമരവുമായി സ്ഥലം ഉടമകൾ

കോഴിക്കോട്: പാലക്കാട്- കോഴിക്കോട് ഗ്രീൻഫീൽഡ് ദേശീയപാതയ്ക്കായി ജില്ലയിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ വില പുനർനിർണയിക്കാനുള്ള തീരുമാനത്തിനെതിരേ സ്ഥലം ഉടമകളുടെ നേതൃത്വത്തിലുള്ള ജില്ലാതല കർമസമിതിയുടെ ആഭിമുഖ്യത്തിൽ വഴിതടയൽ സമരം സംഘടിപ്പിച്ചു. സമരം ദിനേശ് പെരുമണ്ണ ഉദ്ഘാടനം ചെയ്തു. കോംപിറ്റന്റ് അതോറിറ്റി ഓഫ് ലാൻഡ് അക്വിസിഷൻ നിശ്ചയിച്ച വിലയിൽ അപാകത കണ്ടെത്തിയതിനെ തുടർന്നാണ് സംസ്ഥാനത്തെ മോണിറ്ററിംഗ് കമ്മിറ്റി വില പുനർനിർണയിക്കാനുള്ള നടപടിയുമായി മുന്നോട്ടുപോയത്. പെരുമണ്ണ വായനശാലയ്ക്ക് സമീപം മാങ്കാവ് കണ്ണിപറമ്പ് റോഡിൽ നിന്നാരംഭിച്ച വഴിതടയ സമരത്തിൽ സ്ത്രീകളും കുട്ടികളുമടക്കം നിരവധി പേർ പങ്കെടുത്തു. കോഴിക്കോട് താലൂക്കിലെ പെരുവയ





പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ദേശീയപാതയ്ക്കായി ജില്ലയിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ വില പുനർനിർണയിക്കാനുള്ള തീരുമാനത്തിനെതിരേ സ്ഥലം ഉടമകളുടെ നേതൃത്വത്തിൽ വഴിതടയൽ സമരം നടത്തിയപ്പോൾ. ദിനേശ് പെരുമണ്ണയാണ് സമരം ഉദ്ഘാടനം ചെയ്തത്

ലും അവിടെനിന്ന്, ഒളവണ്ണ, പന്തീരങ്കാവ്, പെരുമണ്ണ വില്ലേജുകളിലൂടെയാണ് പാത കടന്നുപോവുക. പാലക്കാട് ബൈപാസിൽനിന്ന് കോഴിക്കോട് രാമനാട്ടുകര ബൈപ്പാസിലെ പന്തരീങ്കാവിൽ എത്തിച്ചേരുന്നതാണ് പുതിയ ദേശീയ പാത. കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി ഏറ്റെടുക്കുന്ന 547 ഹെക്ടറിൽ 485ഉം കൃഷിഭൂമിയാണെന്നും ഭൂമി, വീട്, കെട്ടിടം എന്നിവ ഭാഗികമായല്ലാതെ മുഴുവനായി ഏറ്റെടുക്കണെമെന്നും നഷ്ടപരിഹാരത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും ഉന്നായിച്ചാണ് സമരം നടത്തുന്നത്. ദേശീയ പാത ആക്ട് പ്രകാരമാണ് ഭൂമി എറ്റെടുക്കൽ നടപടികൾ ആരംഭിക്കുക. പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ ഡെപ്യൂട്ടി കലക്ടർമാർക്കാണ് ചുമതല. ദേശീയപാത അതോറിറ്റിയുടെ ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 122.248 കിലോമീറ്റർ നീളമുള്ള ദേശീയ പാത നിർമിക്കുന്നത്. സ്ഥലമേറ്റെടുക്കാൻ 800 കോടി രൂപ വേണ്ടി വരുന്ന പാതക്ക് നേരത്തെ തന്നെ കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകാരം ലഭിച്ചിരുന്നു. പാലക്കാട് ജില്ലയിൽ 62 കിലോമീറ്റർ മലപ്പുറത്ത് 53, കോഴിക്കോട്ട് ഏഴ് കിലോമീറ്റർ എന്നിങ്ങനെയാണ് റോഡിന്റെ ദൈർഘ്യം.





ത്രിദിന ദേശീയ സെമിനാറിൽ 'പാർശ്വവൽകൃതവിഭാഗങ്ങളുടെ മനുഷ്യാവകാശം' എന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന കേരള മനുഷ്യാവകാശ ജുഡീഷ്യൽ മെമ്പർ ടി. കെ മഞ്ചുനാഥ്

# 'പാർശ്വവൽകൃത വിഭാഗങ്ങളുടെ മനുഷ്യാവകാശം': ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു

നോളജ് സിറ്റി: മർകസ് ലോ കോളേജിന്റെ ആഭിമുഖ്യത്തിൽ കേരളമനുഷ്യാവകാശക്കമ്മീഷനുമായി സഹകരിച്ച് ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. 'പാർശ്വവൽകൃതവിഭാഗങ്ങളുടെ മനുഷ്യാവകാശം' എന്ന വിഷയത്തിലായിരുന്നു സെമിനാർ. വിവിധ സർവകലാശാലകളിൽ നിന്നായി മുന്നൂറ് പ്രതിനിധികൾ പങ്കെടുത്തു. 75 ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. കേരള മനുഷ്യാവകാശ ജുഡീഷ്യൽ മെമ്പർ ടി. കെ മഞ്ചുനാഥ് സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ. അഞ്ചു എൻ.പിള്ള, സി അബ്ദുൾ സമദ്, ഡോ. ആബിദ ബീഗം, റഹൂഫ് വി.കെ സംബന്ധിച്ചു. മർകസ് നോളജ്സിറ്റി ഡയരക്ടർ ഡോ. അബ്ദുൽ ഹകീം അസ്ഹരി സമാപനപ്രസംഗം നടത്തി.





ലോക കാലാവസ്ഥാ ദിനാചരണത്തിന്റെ ഭാഗമായി 'സുസ്ഥിര വികസനവും സ്ഥലജല പരിപാലനവും' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തുന്ന ശാസ്ത്രജ്ഞനും സി.ഡബ്ല്യു.ആർ.ഡി.എം എക്സിക്യൂട്ടീവ് ഡയരക്ടറുമായ മനോജ് സാമുവൽ

# ലോക കാലാവസ്ഥാ ദിനാചരണം നടത്തി

കോഴിക്കോട്: ജലവിനിയോഗം കാര്യക്ഷമമാക്കിയില്ലെങ്കിൽ കേരളം സമീപഭാവിയിൽ തന്നെ ശുദ്ധജലക്ഷാമത്തെ നേരിടേണ്ടിവരുമെന്ന് പ്രമുഖ ശാസ്ത്രജ്ഞനും സി.ഡബ്ല്യു. ആർ.ഡി.എം എക്സിക്യൂട്ടീവ് ഡയരക്ടറുമായ മനോജ് സാമുവൽ അഭിപ്രായപ്പെട്ടു. ലോക കാലാവസ്ഥാ ദിനത്തോടനുബന്ധിച്ച് ഗാന്ധി പീസ് ഫൗണ്ടേഷൻ, പരിസ്ഥിതി സംരക്ഷണ സമിതി, സർവോദയ മിത്ര മണ്ഡലം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഗാന്ധിഗൃഹത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ 'സുസ്ഥിര വികസനവും സ്ഥലജല പരിപാലനവും' എന്ന വിഷയത്തെ ക്കുറിച്ച് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഗാന്ധി പീസ് ഫൗണ്ടേഷൻ വൈസ് പ്രസിഡന്റ് ടി.ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഗാന്ധി പീസ് ഫൗണ്ടേഷൻ സെക്രട്ടറി യു.രാമചന്ദ്രൻ , പരിസ്ഥിതി സംരക്ഷണസമിതി പ്രസിഡന്റ് പി.കെ ശശി, സർവ്വോദയ മിത്ര മണ്ഡലം പ്രസിഡന്റ് പി.ഗോപാലകൃഷ്ണൻ , പി.പി ഉണ്ണികൃഷ്ണൻ, എം.എ ജോൺസൺ എന്നിവർ സംസാരിച്ചു. പി. ഗോപീകൃഷ്ണൻ സ്വാഗതവും ജയകൃഷ്ണൻ മാങ്കാവ് നന്ദിയും പറഞ്ഞു.

# വറ്റാത്ത പൊതുകിണറുകൾ ഉപയോഗശ്യൂന്യമായ അവസ്ഥയിൽ; മൗനം തുടർന്ന് അധികൃതർ

**ചാലക്കര പുരുഷു**

മാഹി: വറ്റാത്ത പൊതുകിണറുകൾ മയ്യഴിയിൽ അധികൃതരുടെ അവഗണന മൂലം ആർക്കും ഉപയോഗപ്പെടാതെ കിടക്കുന്നു. കുടിവെള്ളത്തിന് വേണ്ടി ജനങ്ങൾ ബുദ്ധിമുട്ടുമ്പോൾ, വറ്റാത്ത കിണറുകൾ ഉണ്ടായിട്ടും അവ ഉപയോഗിക്കപ്പെടാതെ കാടുമൂടപ്പെട്ട് കിടക്കുന്നത് കുറ്റകരമായ അനാസ്ഥയാണ്. ഫ്രഞ്ച് ഭരണകാലത്ത് നിർമ്മിക്കപ്പെട്ട ഒരിക്കലും വറ്റാത്ത ഒന്നര ഡസനോളം മുൻസിപ്പാലിറ്റിയുടെ കിണറുകളിൽ മിക്കതും ഉപയോഗിക്കാതെ കാട്പിടിച്ച് കിടപ്പാണ്.

ഇതിന് പുറമെ മയ്യഴി പൊതുമരാമത്ത് വകുപ്പിന്റെ അധിനതയിൽ മാഹി റെയിൽ വേ സ്റ്റേഷൻ റോഡ് അതിർത്തിയിലും ചെമ്പ്ര കുയ്യാലിയിലും, ചാലക്കര രമാലയം, ഓറിയന്റൽ സ്കൂൾ പരിസരം, പന്തക്കൽ കിഴക്കേടത്ത് കോളനി എന്നിവിടങ്ങളിലൊക്കെ വേറെയും കിണറുകളുണ്ട്. അവിടങ്ങളിലൊക്കെ പമ്പ് ഹൗസുകളുമുണ്ട്. അവയെല്ലാം ഉപയോഗിക്കപ്പെടാതെ അനാഥമായി കിടപ്പാണ്. നിലവിൽ പ്രതിവർഷം കോടികൾ കേരള സർക്കാരിൽ നൽകിയാണ് അഞ്ചരക്കണ്ടി പദ്ധതിയിൽ നിന്നും കുടിവെള്ളം മാഹിയിലെത്തിക്കുന്നത്. മാഹി ടൗണിലെ ഏറ്റവും വലിയ പൊതുകിണർ ഒമ്പത് മീറ്റർ വ്യാസമുള്ള പോത്തിലോട്ട് കിണറാണ്. ഇതടക്കം ഉപയോഗിക്കാതെ കിടക്കുന്ന നിരവധി കിണറുകളാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളത്.

കിണറുകൾ ഉപയോഗപ്പെടുത്തി പൊതുജനങ്ങൾക്ക് ശുദ്ധജലമെത്തിക്കാനുള്ള പദ്ധതിക്ക് വേണ്ടി കമ്മ്യൂണിറ്റി വാട്ടർ സപ്ലൈ ഏജൻസി മയ്യഴിയിലെ അധികൃതരെ സമീപിച്ചിരുന്നു. 25 ലിറ്റർ ഉൾക്കൊള്ളുന്ന ഒരു കാൻ വെള്ളം ഏഴ് രൂപക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് ഇവർ അറിയിച്ചിരുന്നു. പിന്നീട് കാനുകൾ റീഫിൽ ചെയ്യുമ്പോൾ അഞ്ച് രൂപ മാത്രമേ നൽകേണ്ടതുള്ളൂ. വ്യാപാര സ്ഥാപനങ്ങൾ 20 രൂപ നൽകണം. പുതുച്ചേരിയിൽ ഇത്തരം ഏജൻസികൾക്ക്



മാഹിയിലെ പോത്തിലോട്ട് പൊതുകിണർ കാടുകയറിക്കിടക്കുന്നു

പണം നൽകിയാണ് സർക്കാർ വെള്ളം സംഭരിക്കുന്നത്. എന്നാൽ മയ്യഴിയിൽ സർക്കാരിലേക്ക് പണം നൽകാൻ സന്നദ്ധമായിട്ടും അനുമതി നൽകിയില്ലെന്ന് മാത്രമല്ല പൊതുകിണറുകളത്രയും കാടുകയറി നാശോൻമുഖമായി തീർന്നിരിക്കുകയുമാണ്.

# ഉപഭോക്താവിന് സേവനം ലഭ്യമാക്കിയില്ല; തപാൽ വകുപ്പ് നഷ്ടപരിഹാരവും യാത്രാ ചെലവും നൽകണം

തലശ്ശേരി: യഥാസമയം സേവനം ലഭ്യമാക്കാൻ കഴിയാതെ പോയത് മൂലം ഉപഭോക്താവിനുണ്ടായ കഷ്ട-നഷ്ടങ്ങൾക്ക് തലശ്ശേരി ഹെഡ് പോസ്റ്റ് ഓഫിസ് നഷ്ടപരിഹാരം നൽകണമെന്ന് കണ്ണൂർ ഉപഭോക്തൃ തർക്കപരിഹാര കോടതിയുടെ ഉത്തരവ്. കേസ് സംബന്ധമായ അടിയന്തിര കാര്യത്തിന് ബർമുടദ്വീപിലുള്ള ഭർത്താവിന് ഭാര്യ അജിത ഗുരുദേവദത്ത് പവർ ഓഫ് അറ്റോർണി തയ്യറാക്കി തലശ്ശേരി പോസ്റ്റ് ഓഫിസ് വഴി അയച്ചിരുന്നു. യഥാസമയം കിട്ടാതെ വന്നപ്പോൾ, അന്വേഷണത്തിൽ മുംബൈയിൽ നിന്ന് നഷ്ടമായെന്നാണ് പോസ്റ്റൽ അധികൃതർ അറിയിച്ചത്. കേസ് ഫയൽ ചെയ്യേണ്ട സമയമായതിനാൽ വിദേശത്തുള്ള ഭർത്താവിന് നാട്ടിലേക്ക് പെട്ടെന്ന് വരേണ്ടി വന്നു. പുതിയ പവർ ഓഫ് അറ്റോർണി തയ്യാറാക്കേണ്ടിയും വന്നു. അഡ്വ. ഇ.കെ അവിനാഷ് മുഖേന അജിത ഗുരുദേവദത്ത് നൽകിയ ഹരജിയിലാണ് 25,000 രൂപ നഷ്ടപരിഹാരവും അങ്ങോട്ടുമിങ്ങോട്ടുമുള്ള ടിക്കറ്റ് ചാർജ് നൽകാനും ഉപഭോക്തൃ കോടതി ഉത്തരവിട്ടത്.

# ഇഫ്താർ പാർട്ടികൾ ആർഭാടവും ധൂർത്തുമാവരുത്: ഡോ.ഹുസൈൻ മടവൂർ

കോഴിക്കോട്: റമദാൻ മാസത്തിൽ നടത്തപ്പെടുന്ന ഇഫ്താർ സംഗമങ്ങൾ ധൂർത്തും ആർഭാടവുമാവരുതെന്ന് ഡോ.ഹുസൈൻ മടവൂർ പറഞ്ഞു. കോഴിക്കോട് പാളയം ജുമാ മസ്ജിദിൽ ഖുതുബാപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. നോമ്പുകാർക്ക് നോമ്പ് തുറക്കാൻ ഭക്ഷണപാനീയങ്ങൾ നൽകൽ ഇസ്ലാമിൽ വലിയ പുണ്യകർമ്മമാണ്. സ്നേഹിതന്മാരും ബന്ധപ്പെട്ടവരും ഒന്നിച്ചിരുന്ന് പരസ്പരം സ്നേഹം പങ്ക് വയ്ക്കാനുള്ള അവസരം കൂടിയാണ് ഇഫ്താർ സംഗമങ്ങൾ. നോമ്പ് കാലം മനുഷ്യരിൽ സൂക്ഷ്മതാബോധം (തഖ്‌വ) വളർത്താനുള്ളതാണ്. റമദാനിന്റെ മുഖമുദ്ര അല്ലാഹുവിനുള്ള സമർപ്പണമാണ്. എന്നാലിപ്പോൾ ആരാധനാ കാലമായ റമദാൻ കേവലം ഭക്ഷണമേളയായി മാറുകയാണ്. ഇത് വളരെ സങ്കടകരമാണ്. പല ഇഫ്താർ പാർട്ടികളും അമിതഭക്ഷണം, ആർഭാടം, പൊങ്ങച്ചം തുടങ്ങിയവയുടെ വേദികളായി മാറുന്നുണ്ട്. ഇതിൽ മാറ്റം വന്നേ മതിയാവൂ. മിതമായ ഭക്ഷണം നൽകി സൗഹൃദം പങ്ക് വയ്ക്കുന്ന ലളിത മനോഹര മുഹൂർത്തങ്ങളാവണം ഇഫ്താർ സംഗമങ്ങൾ. അവ പരിസ്ഥിതി സൗഹൃദവും പരിസരം മാലിന്യമുക്തവുമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# വിശുദ്ധ റംസാൻ; വിശപ്പിന്റെ വില അറിയുന്ന പുണ്യമാസം

**കടയ്ക്കാവൂർ പ്രേമചന്ദ്രൻ നായർ**



റംസാൻ ആഗതമായി, ഇനി വ്രതശുദ്ധിയുടെ കാലം. വിശ്വാസികളുടെ ഹൃദയങ്ങളിൽ പുണ്യവ്രതത്തിന്റെ നിലാശോഭ പരത്തുന്ന റംസാനെ ലോകമെങ്ങും വരവേൽക്കുകയാണ്. സഹജീവികളുടെ തെറ്റുതിരുത്തിയും സാന്ത്വനമേകിയും സർവശക്തനോടുമാപ്പിരന്നു പ്രാർഥിക്കുന്ന ദിനരാത്രങ്ങളാണ് ഇനി കടന്നുപോകുന്നത്. പുണ്യമാസത്തിന്റെ നാളുകൾ എല്ലാവർക്കും അനുഗ്രഹമായിത്തീരട്ടെ. പ്രാർഥനയുടേയും ഉപവാസത്തിന്റേയും വീണ്ടുമൊരു പുണ്യമാസം കൂടി കടന്നുവരികയാണ്. ശാരീരികമായും ആത്മീയമായും പ്രത്യേക മേന്മകളുണ്ട് ഉപവാസത്തിന്. ഉപവാസം മനസ്സിന്റെ ശുദ്ധീകരണം നിർവഹിക്കുന്നു. പകൽമുഴുവൻ ഉപവസിച്ച് നിത്യകർമങ്ങളിൽ ഏർപ്പെടുമ്പോൾ വേദനകളും വിശപ്പും ദാഹവും നേരിട്ടനുഭവിച്ചുക്കൊണ്ട് പാവപ്പെട്ട സഹജീവികളുടെ അനുഭവങ്ങൾ കൂടി മനസ്സിലാകുന്നു. ഈ തിരിച്ചറിവ് തന്നെപ്പോലെ സഹജീവികളെ സ്നേഹിക്കാനും കരുതാനും ഉപകാരം ചെയ്യാനുമുള്ള പ്രചോദനമായിത്തീരുന്നു. അതിരുകളില്ലാത്ത അകൽച്ചകളില്ലാത്ത വിശ്വാസാഹോദര്യത്തിന്റെ നേർക്കാഴ്ച. വ്രതാനുഷ്ഠാനമനുഷ്ഠിക്കുന്ന ധാരാളം അമുസ്ലീം സ്ത്രീ-പുരുഷന്മാരുമുണ്ട്. ഉള്ളവർ ഭക്ഷണം ഉപേക്ഷിക്കുമ്പോൾ അവൻ ഇല്ലാത്തവന്റെ വിശപ്പും വേദനയും ദാഹവും അറിയുകയാണ്. രാജാവും പ്രജയും ധനികനും ദരിദ്രനും വിശപ്പിന്റെ വില അറിയുകയാണ്. വിവിധ ജാതി-മത-വർണ-വർഗങ്ങളിൽപ്പെട്ടവർ അതിരുകളുടെ അകൽച്ചകളില്ലാതെ വിരുന്നുകളിൽ ഒന്നിച്ച് ഒത്തുകൂടുന്നു. വിശ്വാസാഹോദര്യത്തിന്റെ നേർക്കാഴ്ചകളാണ് ഇവിടെ ദൃശ്യമാകുന്നത്. ഉപവാസം മനുഷ്യനെ ദൈവവുമായി കൂടുതൽ അടുപ്പിക്കുമെന്ന് നമുക്കെല്ലാം അറിയാം. നിറഞ്ഞ ആത്മാർഥതയുടെ തേങ്ങലുകളായിരിക്കും വിശക്കുന്നവന്റെ പ്രാർഥനകൾ. രാത്രികളെ ജീവസ്സുറ്റകാലമാക്കുന്നതാണ് റംസാൻ. സമൂഹ നോമ്പുതുറ സൗഹൃദസംഗമ വേദി കൂടിയാണ്. ജാതി-മത-ദേശ-ഭാഷാ വ്യത്യാസമില്ലാതെ എല്ലാവരും ഇതിൽ പങ്കാളികളാകുന്നു. അറബിയും ഇന്ത്യനും പാക്കിസ്ഥാനിയും ഇറാനിയും ഇറാഖിയും ഇംഗ്ലീഷുകാരനുമെല്ലാം ഒരു തളികയ്ക്ക് ചുറ്റും വട്ടമിരുന്ന് ഒരേ പാത്രത്തിൽനിന്ന് ഭക്ഷിക്കുന്നു. ഇപ്പോൾ സാംസ്കാരിക സംഘടനകളും അസോസിയേഷനുകളും ഇഫ്താർ പാർട്ടികൾ സംഘടിപ്പിച്ചു വരുന്നു. അവർക്കെല്ലാം അനുഭൂതിയും വിശുദ്ധിയും പകർന്നു നൽകുന്നു ഈ പുണ്യമാസം. ഇഫ്താർ സംഗമങ്ങൾ മാനസിക സൗഹാർദവും മതേതര മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന മഹത്തായ സന്ദേശങ്ങളാണ്.വ്രതവും ഉപവാസവും: വ്രതവും ഉപവാസവും സൽക്കാരവും സക്കാത്തുമെല്ലാമായിട്ടുള്ള പുണ്യമാസം. വർഷത്തിൽ ഒരുമാസം പകൽ ഭക്ഷണം ഉപേക്ഷിക്കുന്ന റംസാൻ നോമ്പ്. വർഷത്തിൽ 41 ദിവസം മാംസാഹാരം ഉപേക്ഷിക്കുകയും മറ്റൊരു തരത്തിലുള്ള ലഹരിയും ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന മണ്ഡലകാലവ്രതം. ത്യാഗപൂർണമായ ദിനങ്ങൾ. ഇതുകൂടാതെ ജൈന-ബുദ്ധമത വിശ്വാസികൾ ആഴ്ചയിൽ രണ്ട് ദിവസം ഭക്ഷണം ഉപേക്ഷിച്ച് കടുത്ത ഉപവാസങ്ങൾ അനുഷ്ഠിക്കാറുണ്ട്. ഉപവാസവും വ്രതവും മനസ്സിനാണ് ശക്തി പകരുന്നത്. തിരമാലകൾ കടൽഭിത്തിയിൽ ആഞ്ഞടിക്കുന്നതു പോലെയാണ് മനസ്സിനെ പ്രലോഭനങ്ങൾ മൂടുന്നത്. മതവും ശാസ്ത്രവും പറയുന്നത് മനസ്സിന്റെ ഏകാഗ്രത എന്നാണ്. കാരണം ഏകാഗ്രതയുണ്ടെങ്കിൽ ഉത്സാഹം വർധിക്കും, ഉത്സാഹം കൂടുതൽ കിട്ടാൻ വ്രതാനുഷ്ഠാനങ്ങൾക്ക് കഴിയുമെന്നാണ് ശാസ്ത്രം. ശരീരശുദ്ധി, മാനസിക ശുദ്ധി, സഹോദര സ്നേഹം, കൃത്യനിഷ്ഠത, ത്യാഗസന്നദ്ധത, ഉപകാര സ്മരണ, സത്ഭാവന തുടങ്ങിയ വികാരങ്ങൾ ഉപവാസത്തിന്റെ ഫലമായുണ്ടാകുമെന്ന് ആധുനികശാസ്ത്രം പറയുന്നു. ആത്യന്തികമായ മനുഷ്യനന്മയാണ് എല്ലാ മതങ്ങളും ഉപദേശിക്കുന്നത്. അത് ഉൾക്കൊള്ളുന്നവർക്ക് പോസിറ്റീവ് ചിന്തകൾ ഉണ്ടാകും. ആസക്തി, ആർത്തി, ലഹരിയോടുള്ള താൽപര്യം തുടങ്ങിയവ ഉപേക്ഷിക്കാനുള്ള മാനസികാവസ്ഥ ഉണ്ടാകുന്നു. പ്രാർഥനയും ഉപവാസവും ആത്മവിശ്വാസം വർധിപ്പിക്കുകയും ഉത്കണ്ഠ കുറക്കുകയും ചെയ്യുന്നു. മനസ്സിനെ ചിന്തകളുടെ ആധിക്യത്തിൽനിന്ന് നിയന്ത്രിക്കാൻ ധ്യാനത്തിന് കഴിയും. ലോകത്ത് ഏറ്റവും ചഞ്ചലമായ മനസ്സാണ് മനുഷ്യന്റേത്. നൂറായിരം ചിന്തകളിലൂടെയാണ് ഓരോ മനുഷ്യമനസ്സും കടന്നുപോകുന്നത്. ഉപവാസവും വ്രതവും ഒരു പരിധിവരെ മാനസിക സംഘർഷങ്ങൾ കുറക്കുന്നു. പുണ്യങ്ങൾ പൂക്കുന്ന വസന്തക്കാലമാണ് വിശ്വാസികൾക്കിത്. ഉള്ളവൻ ഇല്ലാത്തവന്റെ വിശപ്പറിയുന്നു. ദിവസങ്ങൾ കടന്നുപോകുന്നതോടെ ദാനധർമ്മാദികൾക്കൊണ്ട് ദിനചര്യകൾ ധന്യമാകുന്നു. മനസ്സും ശരീരവും വ്രതഭരിതമാകുന്ന കാലം-വിശുദ്ധിയുടെ സങ്കീർത്തനം പോലെ എങ്ങും ഭക്തിസൂക്തങ്ങൾ നിറഞ്ഞുനിൽക്കുന്ന ദിന രാത്രങ്ങൾ. ഉപവാസവും ഉപാസനയുമായി കടന്നുപോകുന്ന നാളുകൾ പരിശുദ്ധിയുടെ നാളുകളാണ്.




പ്രമുഖ ദേശീയ മാധ്യമം ഏർപ്പെടുത്തിയ മോസ്റ്റ് പ്രോമിസിങ് ബിസിനസ് ലീഡേഴ്സ് ഓഫ് ഏഷ്യ പുരസ്കാരം ഏഷ്യൻ ബിസിനസ് ലീഡേഴ്സ് കോൺക്ലേവിൽവച്ച് വി.കെ.സി ഗ്രൂപ്പ് മാനേജിങ് ഡയരക്ടർ വി.കെ.സി റസാക്കിന് സിനിമ നിർമാതാവ് ആനന്ദ് എൽ.റായ് സമ്മാനിച്ചപ്പോൾ

## വി.കെ.സി റസാക്കിന് മോസ്റ്റ് പ്രോമിസിങ് ബിസിനസ് ലീഡർ പുരസ്കാരം

കോഴിക്കോട്: മികവുറ്റ നേതൃപാടവത്തിലൂടെ ബിസിനസ് സംരംഭങ്ങളെ മികച്ച വളർച്ചയിലേക്കു നയിക്കുന്ന വ്യവസായികൾക്കായി പ്രമുഖ ദേശീയ മാധ്യമം ഏർപ്പെടുത്തിയ മോസ്റ്റ് പ്രോമിസിങ് ബിസിനസ് ലീഡേഴ്സ് ഓഫ് ഏഷ്യ പുരസ്കാരം വി.കെ.സി ഗ്രൂപ്പ് മാനേജിങ് ഡയരക്ടർ വി.കെ.സി റസാക്കിന്. മുംബൈയിൽ സംഘടിപ്പിച്ച ഏഷ്യൻ ബിസിനസ് ലീഡേഴ്സ് കോൺക്ലേവിൽ സിനിമ നിർമാതാവ് ആനന്ദ് എൽ.റായിയിൽ നിന്ന് വി.കെ.സി റസാക്ക് പുരസ്കാരം സ്വീകരിച്ചു. ' ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്നതിലാണ് വി.കെ.സി ഗ്രൂപ്പിന്റെ ശ്രദ്ധ. ഇതിനായി കഠിനാധ്വാനം ചെയ്തുകൊണ്ടിരിക്കുന്ന വി.കെ.സി ടീമിന് ലഭിച്ച അംഗീകാരമാണീ പുരസ്കാര'മെന്ന് വി.കെ.സി റസാക്ക് പറഞ്ഞു. 1984ൽ കോഴിക്കോട്ട് തുടക്കമിട്ട വി.കെ.സി ഗ്രൂപ്പ് ഇന്ത്യയിലെ ഏറ്റവും വലിയ പിയു പാദരക്ഷാ നിർമാതാക്കളാണ്. ഇന്ത്യയ്ക്ക് പുറമെ ശ്രീലങ്ക, ബംഗ്ലദേശ്, സുഡാൻ എന്നീ രാജ്യങ്ങളിലും ഉൽപ്പാദന യൂണിറ്റുകൾ ഉണ്ട്. കേരളത്തിനു പുറമെ തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, വെസ്റ്റ് ബംഗാൾ, ഹരിയാന, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും വി.കെ.സിക്ക് ഉൽപ്പാദന കേന്ദ്രങ്ങളുണ്ട്.

## മധുരം കഴിക്കാനായി തടവുകാർ മുങ്ങി; ജയിൽ ഭിത്തി തുരക്കാനുപയോഗിച്ച മാരകായുധം കണ്ട് അമ്പരന്ന് ഉദ്യോഗസ്ഥർ



ജോൺ എം ഗാർസ, ആർലി വി നെമോ

വിർജീനിയ: മധുരം കഴിക്കാനായാണ് വിർജീനിയയിലെ ന്യൂപോർട്ട് ന്യൂസ് ജയിലിൽ നിന്ന് രണ്ട് പുള്ളികൾ ജയിൽഭിത്തി തുരന്ന് പുറത്ത് ചാടിയത്. എന്നാൽ ജയിൽ ഉദ്യോഗസ്ഥരെ അമ്പരപ്പിച്ചത് വേറൊന്നാണ്. അവർ ചാടാനുപയോഗിച്ച മാരകായുധം. സെല്ലു തുരക്കാനായി അവരുപയോഗിച്ച ആ മാരകായുധം മറ്റൊന്നുമല്ല, ടൂത്ത്ബ്രഷാണ്. തിങ്കളാഴ്ച തടവുകാരുടെ എണ്ണമെടുക്കുന്നതിനിടയിലാണ് രണ്ട് പേരെ കാണാനില്ലെന്നത് ഉദ്യോഗസ്ഥർ ശ്രദ്ധിക്കുന്നത്. 37 കാരനായ ജോൺ എം ഗാർസ എന്നയാളും സഹ തടവുകാരനും 43 കാരനുമായ ആർലി വി നെമോയുമാണ് വിർജീനിയയിലെ ന്യൂപോർട്ട് ന്യൂസ് ജയിലിലെ സെല്ലിന്റെ ഭിത്തി ടൂത്ത് ബ്രഷിന്റെ സഹായത്തോടെ തുരന്ന് പുറത്തു ചാടിയത്. ഇതിന് പിന്നാലെ ജയിലിന്റെ മതിലിലും ഇവർ വലിഞ്ഞു കേറി രക്ഷപ്പെടുകയായിരുന്നു. വിർജീനിയയിൽ നിന്ന് ഏറെ അകലെ അല്ലാത്ത ഹാംപടണിൽ വച്ചാണ് പോലിസ് ഇവരെ പിടികൂടിയത്. ജയിൽ ചാടി മൈലുകൾ നടന്ന ക്ഷീണം മാറ്റാനായി ഒരു ബേക്കറിയിൽ കയറിയതാണ് തടവ് പുള്ളികൾക്ക് പാരയായത്. ബേക്കറിയിലെ ജീവനക്കാർക്ക് ഇവരെ കണ്ട് സംശയം തോന്നുകയും പോലിസിൽ അറിയിക്കുകയുമായിരുന്നു. ജയിൽ കെട്ടിട നിർമാണത്തിലെ ചെറിയ പാളിച്ച മുതലാക്കിയായിരുന്നു ഇവരുടെ തുരങ്ക നിർമ്മാണം. കഷ്ടിച്ച് ഒരാൾക്ക് കടന്ന് പോകാൻ കഴിയുന്ന തുരങ്കമായിരുന്നു ഇവർ നിർമ്മിച്ചത്.രണ്ട് മണിക്കൂറോളമെടുത്താണ് ഇവർ ഹാംപ്ടണിലെ ബേക്കറിയിലെത്തിയത്. ഇവർ എത്രകാലമായി ജയിലിൽ ആണെന്ന കാര്യം പോലിസ് ഉദ്യോഗസ്ഥർ വിശദമാക്കിയില്ല. കോടതി അലക്ഷ്യത്തിനാണ് ഗാസ തടവിലായിട്ടുള്ളത്. ക്രെഡിറ്റ് കാർഡ് തട്ടിപ്പ്, ആൾമാറാട്ടം, വ്യാജരേഖ ചമയ്ക്കൽ, കോടതി അലക്ഷ്യം തുടങ്ങി നിരവധി കേസുകളിലെ പ്രതിയാണ് നെമോ. ഏതായാലും തടവുപുള്ളികളെ പിടികൂടാനായെങ്കിലും തടവുകാർക്ക് ഇനി പല്ല് തേക്കാൻ ബ്രഷ് നൽകണമോയെന്ന കൺഫ്യൂഷനിലാണ് ജയിൽ ഉദ്യോഗസ്ഥർ.

## ജനങ്ങളുടെ വൈകാരികത മുതലെടുക്കാൻ ശ്രമിക്കുന്നു: മേയർ ബീന ഫിലിപ്പ്




കോഴിക്കോട് ജില്ലാ ലൈബ്രറി കൗൺസിലിന്റെ ജില്ലാ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മേയർ ബീന ഫിലിപ്പ്

കോഴിക്കോട്: കപട യുക്തി നിരത്തി ദേശീയതയുടെ പേരിൽ ജനങ്ങളെ തമ്മിലടിപ്പിക്കാനും ജനങ്ങളുടെ വൈകാരികത മുതലെടുക്കാനുമാണ് രാജ്യത്ത് ശ്രമം നടക്കുന്നതെന്ന് മേയർ ബീന ഫിലിപ്പ് പറഞ്ഞു. ഹിറ്റ്ലറിന്റെ ഫാസിസ്റ്റ് ദർശനങ്ങൾ ചരിത്രം നിരാകരിച്ചതാണ്. മനുഷ്യനെ മനുഷ്യനായി കാണാൻ സാധിക്കാത്ത യുക്തിബോധമാണ് പ്രചരിപ്പിക്കപ്പെടുന്നത്. രാജ്യത്ത് കപട യുക്തിബോധം പ്രചരിപ്പിക്കുന്നവരെ സമൂഹം തിരിച്ചറിയണം. കുട്ടികളിൽ തെറ്റായ ചരിത്രം അടിച്ചേൽപ്പിക്കുകയാണ്. ഹിന്ദുവിനെ ഏറ്റവുമധികം കൊന്നത് ഹിന്ദുവും മുസ്ലിമിനെ ഏറ്റവുമധികം കൊന്നത് മുസ്ലിമും ക്രിസ്ത്യാനിയെ ഏറ്റവുമധികം കൊന്നത് ക്രിസ്താനിയുമായിരുന്നെന്ന് ചരിത്രത്തിലൂടെ പഠിക്കാൻ സാധിക്കും. വിശാലമായ ആതിഥ്യമര്യാദയുള്ള ഇന്ത്യ ഇന്ന് എവിടെ എത്തിനിൽക്കുന്നുവെന്ന് നാം ആലോചിക്കണമെന്നവർ കൂട്ടിച്ചേർത്തു. കോഴിക്കോട് ജില്ലാ ലൈബ്രറി കൗൺസിലിന്റെ ജില്ലാ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഡോ.കെ.ദിനേശൻ അധ്യക്ഷത വഹിച്ചു. ഡോ.പി.പി അബ്ദുൾറസാഖ് (റിട്ട.പ്രൊഫസ്സർ, പി.എസ്.എം കോളേജ് തിരൂരങ്ങാടി) വിഷയാവതരണം നടത്തി. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ജോയിന്റ് സെക്രട്ടറി മനയത്ത് ചന്ദ്രൻ, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവംഗം കെ. ചന്ദ്രൻമാസ്റ്റർ സംസാരിച്ചു. ജില്ലാലൈബ്രറി കൗൺസിൽ സെക്രട്ടറി എൻ.ഉദയൻ സ്വാഗതവും വൈസ് പ്രസിഡന്റ് എൻ.ശങ്കരൻ മാസ്റ്റർ നന്ദിയും പറഞ്ഞു.

## കാലാവസ്ഥാ വ്യതിയാനം: മനുഷ്യ മാംസം കാർന്ന് തിന്നുന്ന ബാക്ടീരിയയുടെ എണ്ണത്തിൽ വൻ വർധന



വിബ്രിയോ വൾനിഫിക്കസ്

കാലിഫോർണിയ: കാലാവസ്ഥാ വ്യതിയാനം ഭൂമിയിലെമ്പാടും പല മാറ്റങ്ങൾ ഉണ്ടാക്കുന്നു. കടലും കരയും ആകാശവുമെല്ലാം കാലാവസ്ഥാ വ്യതിയാനം കാരണം പലതരം സൂക്ഷ്മജീവികളുടെ ആവാസവ്യവസ്ഥയായി മാറുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. കാലാവസ്ഥാ വ്യതിയാനം നിമിത്തം മാംസം നശിപ്പിക്കുന്ന ബാക്ടീരിയയുടെ സാന്നിധ്യം കൂടുന്നതായി റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. വെള്ളത്തിലുള്ള അതീവ അപകടകാരിയായ ബാക്ടീരിയയുടെ തോത് വർധിപ്പിക്കുന്നതിൽ കാലാവസ്ഥാ വ്യതിയാനത്തിന് പങ്കുണ്ടെന്നാണ് വിദഗ്ധർ വിശദമാക്കുന്നത്. സാധാരണയായി സബ്ട്രോപ്പിക്കൽ പ്രദേശങ്ങളിൽ കാണപ്പെടുന്ന മനുഷ്യമാംസം കാർന്നുതിന്നുന്ന ബാക്ടീരിയയാണ് വിബ്രിയോ വൾനിഫിക്കസ്. കുറഞ്ഞ ലവണാംശമോ ഉപ്പിന്റെ അംശമോ ഉള്ള ചെറുചൂടുള്ള വെള്ളത്തിലാണ് സാധാരണ ഗതിയിൽ വിബ്രിയോ വൾനിഫിക്കസ് ബാക്ടീരിയയെ കാണുന്നത്. ഇവ മനുഷ്യ ശരീരത്തിലെത്തിയാൽ പതിയെ ശരീരം കാർന്നുതിന്നുന്ന സ്വഭാവക്കാരാണ്. അറുപതിന് മുകളിൽ പ്രായമുള്ളവർക്കാണ് മാംസം കാർന്ന് തിന്നുന്ന ബാക്ടീരിയയുടെ ആക്രമണം ഏറ്റവുമധികം ഉണ്ടാവാനുള്ള സാധ്യതയെന്നും കടൽ വെള്ളത്തിലിറങ്ങുമ്പോൾ ശരീരത്തിലെ ഏറ്റവും ചെറിയ പരിക്കിലൂടെ പോലും ബാക്ടീരിയ മനുഷ്യശരീരത്തിൽ പ്രവേശിക്കാമെന്നും ഗവേഷകർ മുന്നറിയിപ്പ് നൽകുന്നു. എന്നാൽ അടുത്തിടെയായി മറ്റ് മേഖലകളിലും ഈ ബാക്ടീരിയയുടെ സാന്നിധ്യം കാണപ്പെട്ടതോടെ നടത്തിയ പഠനങ്ങൾ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് നൽകുന്നത്. കടൽ തീരത്തോട് ചേർന്നുള്ളപ്രദേശങ്ങളിലെ ജലം ചൂട് പിടിക്കുന്നതിനേ തുടർന്നാണ് ബാക്ടീരിയയുടെ എണ്ണം കൂടുന്നതെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ജലത്തിന്റെ താപനില ഉയരുന്നത് ലവണാംശത്തെ സാരമായി ബാധിക്കുന്ന ഒന്നാണ്. ഇതാണ് ബാക്ടീരിയ വളർച്ചയെ ത്വരിതപ്പെടുത്തുന്നത്. കാലാവസ്ഥയിൽ വലിയ രീതിയിലുണ്ടാവുന്ന മാറ്റവും ജനസംഖ്യാ വളർച്ചയും മലിനീകരണവും ഇതിന് കാരണമാണ്.നിലവിൽ അമേരിക്കയിൽ ഓരോ വർഷവും നൂറോളം സംഭവങ്ങളാണ് ഇങ്ങനെ ഉണ്ടാവുന്നത്. ഗൾഫ് മേഖലകളെ ഈ ബാക്ടീരിയ അണുബാധയുടെ ഹോട്ട് സ്പോട്ട് ആയാണ് വിലയിരുത്തുന്നത്. 1988നും 2018നും ഇടയിലുണ്ടായ അണുബാധയുടെ എണ്ണം പത്തിൽ നിന്ന് 80 ആയി ഉയർന്നിട്ടുണ്ട്. 2081 മുതൽ 2100 കേസുകൾ വരെയുള്ളത് ന്യൂയോർക്ക് പോലുള്ള നഗരങ്ങളിൽ ഇരട്ടിയാവാനാണ് സാധ്യതയെന്നാണ് പഠനം വിശദമാക്കുന്നത്.




## റിലേറ്റിവിറ്റി സ്പേസ് ടെറാൻ 1 ഭ്രമണപഥത്തിലെത്തിയില്ല

ന്യൂയോർക്ക്: ആദ്യ ത്രീഡി റോക്കറ്റ് റിലേറ്റിവിറ്റി സ്പേസിന്റെ ടെറാൻ 1 വിക്ഷേപണം പരാജയപ്പെട്ടു. ത്രീഡി പ്രിന്റ് ചെയ്ത ഭാഗങ്ങൾ കൊണ്ടുള്ള ആദ്യത്തെ റോക്കറ്റ് വിക്ഷേപിച്ചെങ്കിലും ഭ്രമണപഥത്തിലെത്താനാകാതെ റോക്കറ്റ് അത്ലാന്റിക് സമുദ്രത്തിൽ തകർന്നുവീണു. 200 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥം ലക്ഷ്യമാക്കി ഫ്ലോറിഡയിലെ കേപ് കാർണിവൽ സ്പേസ് ഫോഴ്സ് സ്റ്റേഷനിൽനിന്ന് കുതിച്ചുയർന്നെങ്കിലും വിക്ഷേപണ ശേഷമുള്ള രണ്ടാംഘട്ടം പരാജയമാകുകയായിരുന്നു. ഭ്രമണപഥത്തിലെത്തുന്നതിൽ പരാജയപ്പെട്ടെങ്കിലും ഉദ്ദേശിച്ച മർദത്തിലെത്താൻ റോക്കറ്റിന് സാധിച്ചതിനാൽ വിക്ഷേപണം വിജയം തന്നെയെന്ന് കമ്പനി വിശദീകരിച്ചു. മെയിൻ എൻജിൻ കട്ടോഫിലൂടേയും സ്റ്റേജ് സെപ്പറേഷനിലൂടേയും വിക്ഷേപണം കടന്നുപോയതായും ഫ്ലൈറ്റ് ഡാറ്റ വിലയിരുത്തിയ ശേഷം വരും ദിവസങ്ങളിൽ മറ്റു വിവരങ്ങളറിയിക്കുമെന്നും കമ്പനി വ്യക്തമാക്കി.നേരത്തെ രണ്ടുതവണ റോക്കറ്റ് വിക്ഷേപണം സാങ്കേതിക തകരാർ മൂലം അവസാന നിമിഷം മാറ്റിവെച്ചിരുന്നു. 110 അടി ഉയരമുള്ള റോക്കറ്റിന്റെ എൻജിനുകൾ ഉൾപ്പെടെ 85 ശതമാനവും കാലിഫോർണിയയിലെ കമ്പനി ആസ്ഥാനത്തുള്ള കൂറ്റൻ ത്രീഡി പ്രിന്റർ ഉപയോഗിച്ചാണ് നിർമിച്ചിരിക്കുന്നത്.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.